
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 സെപ്റ്റംബർ 26 | ദീപം 57 | നാളം 29 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# കനലെരിഞ്ഞു മണിപ്പുർ
## പിന്നിൽ ബാഹ്യശക്തികളോ?



**അനിൽ ജെ. തയ്യിൽ**

I രൾ പിളരും കാലം കടന്നുപോകില്ലെന്ന് മണിപ്പുർ നമ്മോടു പറഞ്ഞുകൊണ്ടിരിക്കുന്നു. രക്തമുണങ്ങാത്ത മണ്ണിൽ ഹിംസയുടെ ദൂതർ കാടിളക്കിവരുമ്പോൾ പകച്ചുനിൽക്കുന്ന ഒരു ജനതയുണ്ട് അവിടെ. ഭീതിയുടെ കനലാട്ടമൊടുങ്ങാത്ത ബാല്യമിഴികളുമുണ്ട്. മണിപ്പുർജനത കരുവാക്കപ്പെടുകയാണോ? വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ അശാന്തിയുടെ നെരിപ്പോടിലേക്കു വലിച്ചെറിയപ്പെടുകയാണോ? തങ്ങൾ ഉയിരെടുത്ത ദേഹങ്ങൾ വികൃതമാക്കി ആസ്വദിക്കുന്നതിൽ സംതൃപ്തിയടയുംവിധം ക്രൂരതയുടെ അപരിഷ്കൃതമുഖം നമ്മെ നോക്കി മനുഷ്യത്വരഹിതമായി പല്ലിളിക്കുന്നുണ്ട് മണിപ്പുരിൽ. കെ.എൻ.എ. (കുക്കി നാഷണൽ ആർമി) ബർമ കേഡറിലെ താങ് ലിയൻ കാപ് എന്ന മ്യാന്മർനുഴഞ്ഞുകയറ്റക്കാരനെ അസം റൈഫിൾസ് അറസ്റ്റു ചെയ്തതോടെ മണിപ്പുരിൽ ബാഹ്യശക്തികളുടെ ഇടപെടൽ എന്ന വാദം ശരിയാണെന്നു സമർഥിക്കപ്പെടുകയാണ്. ഇത് മറ്റു പല നിഗമനങ്ങളിലേക്കു നയിക്കാനും ഉതകുന്നു.

### ]pXnb lem]w

ലോകസഭാ തിരഞ്ഞെടുപ്പുവേളയിലെ മണിപ്പുരിന്റെ ശാന്തികാലം ഒരു വലിയ പൊട്ടിത്തെറിക്കുമുന്നോടിയായിരുന്നുവെന്ന് തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. സെപ്റ്റംബർ ആദ്യവാരം ആരംഭിച്ച കലാപത്തിന്റെ പുത്തൻ അധ്യായത്തിൽ അനിതരസാധാരണമായ സംഭവവികാസങ്ങളാണ് അരങ്ങേറിയത്. സെപ്റ്റംബർ ആറിന് ഉച്ചതിരിഞ്ഞ് മൂന്നരയോടെ മണിപ്പുരിന്റെ പ്രഥമ മുഖ്യമന്ത്രി മേറിബാം കോയ്റിങ് സിങ്ങിന്റെ വസതിയിലേക്കു റോക്കറ്റ് ആക്രമണം ഉണ്ടാവുകയും ഒരാൾ കൊല്ലപ്പെടുകയും ആറു പേർക്കു പരിക്കേല്ക്കുകയും ചെയ്തു. ഏഴു കിലോമീറ്റർ റേഞ്ചിൽ വിക്ഷേപിക്കാവുന്ന ഇനം റോക്കറ്റായിരുന്നു ഇത്. പൊലീസിനെ നോക്കുകുത്തിയാക്കി തലസ്ഥാനമായ ഇംഫാലിൽ കളക്ടറേറ്റ് പിടിച്ചടക്കിയ മെയ്തെയ് കലാപകാരികൾ ഇന്ത്യൻ ദേശീയപതാക അഴിച്ചുമാറ്റി മെയ്തെയ് പതാക സ്ഥാപിച്ച് അതിഗുരുതര ദേശീയ വിരുദ്ധതയാണു പ്രകടിപ്പിച്ചത്. ഒപ്പം, രാജ്ഭവനിലേക്കു നടത്തിയ കല്ലേറും അവഗണിക്കാവുന്നതല്ല.

സെപ്റ്റംബർ 15 ന് മണിപ്പുർ മൃഗസംരക്ഷണ - ഗതാഗത വകുപ്പുമന്ത്രി ഹാഷിം വഷുമിന്റെ, നാഗാമേഖലയായ ഉഖ്രൂളിലെ വസതിക്കു നേർക്ക് ബോംബാക്രമണം ഉണ്ടായി. ആർക്കും അപകടമൊന്നും റിപ്പോർട്ടു ചെയ്തിട്ടില്ല. ഓഗസ്റ്റ് 10 ന് കുക്കിമേഖലയായ കാങ് പോംക്പിയിൽ മുൻ എംഎൽഎ യാംത് ഹോങ്ഹാവോകിപ്പിന്റെ വസതിയിൽ നടന്ന സ്ഫോടനത്തിൽ അദ്ദേഹത്തിന്റെ ഭാര്യ കൊല്ലപ്പെട്ടിരുന്നു.

ഇന്റർനെറ്റ് നിരോധനം നടപ്പാക്കിയതിനുപുറമേ ഈസ്റ്റ് ഇംഫാൽ, വെസ്റ്റ് ഇംഫാൽ ജില്ലകളിൽ കർഫ്യൂ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

ഇന്ത്യൻ കരസേന, അസം റൈഫിൾസ്, ഗൂർഖ റെജിമെന്റ്, മണിപ്പുർ പൊലീസ് എന്നിവരടങ്ങിയ ഒരു സംയുക്തസേന രൂപീകരിച്ചു നിയന്ത്രണം തങ്ങൾക്കു കൈമാറണമെന്നു കേന്ദ്രത്തോട് ആവശ്യപ്പെട്ട മുഖ്യമന്ത്രി ബിരേൻസിങ് അടിയന്തരമായി കേന്ദ്ര ഇടപെടൽ ഉണ്ടായില്ലെങ്കിൽ താൻ രാജിവയ്ക്കുമെന്നും പ്രഖ്യാപിച്ചു. ▶ 8

# അപ്രത്യക്ഷമാകുന്ന ജപ്പാൻനഗരങ്ങൾ
## നമുക്കൊരു പാഠമോ?



**ഡോ. ജിന്റോ ജെ. പൊട്ടയ്ക്കൽ**

P പ്പാനിലെ 40 ശതമാനത്തിലധികം മുനിസിപ്പാലിറ്റികൾ കാലക്രമേണ അപ്രത്യക്ഷമാകുമെന്ന് അടുത്തിടെ നടന്ന ഒരു പഠനം ചൂണ്ടിക്കാണിക്കുന്നു. കുറഞ്ഞ ജനനനിരക്കുമൂലമുണ്ടാകുന്ന കുത്തനെയുള്ള ജനസംഖ്യാ ഇടിവുകാരണമാണ് ഇതു സംഭവിക്കുന്നത്. രാജ്യത്തൊട്ടാകെയുള്ള 1,729 പ്രാദേശികമുനിസിപ്പാലിറ്റികളിൽ 744 എണ്ണവും ഇത്തരത്തിൽ ഇല്ലാതാകാനുള്ള സാധ്യതയുള്ളതായി പഠനം കണ്ടെത്തുന്നു

''ഇങ്ങനെപോയാൽ ഈ രാജ്യം തന്നെ അപ്രത്യക്ഷമാകും,'' ജപ്പാൻ പ്രധാനമന്ത്രി ഫുമിയോ കിഷിഡയുടെ ഉപദേഷ്ടാവ് മസാക മോറി മുന്നറിയിപ്പു നൽകുന്നു. സർക്കാർ കണക്കുകൾപ്രകാരം ജപ്പാനിലെ ജനസംഖ്യ 124 ദശലക്ഷമാണ്. അതായത്, 2015 നെ അപേക്ഷിച്ച് രാജ്യത്തെ ജനസംഖ്യ 30 ലക്ഷത്തോളം കുറഞ്ഞിരിക്കുന്നു. കൂടാതെ, ആരോഗ്യമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് 2023 ൽ രാജ്യത്ത് എട്ടു ലക്ഷത്തോളം കുട്ടികൾ ജനിച്ചപ്പോൾ 16 ലക്ഷം മരണങ്ങൾ രേഖപ്പെടുത്തി. അതായത്, ജനനങ്ങളുടെ ഇരട്ടിയോളം മരണങ്ങളാണ് ജപ്പാനിൽ നടക്കുന്നത്.



ഇതുകൂടാതെ, കഴിഞ്ഞ വർഷം ജപ്പാനിലെ സന്താനോത്പാദനക്ഷമത (Total Fertility Rate (TFR)) 1.2 എന്ന ഏറ്റവും താഴ്ന്ന നിരക്കിലെത്തി. ഒരു സ്ത്രീ തന്റെ ജീവിതകാലത്തു ജന്മം നൽകുന്ന കുട്ടികളുടെ ശരാശരി എണ്ണത്തിനാണ് സന്താനോത്പാദനക്ഷമത എന്നു പറയുന്നത്. ജനസംഖ്യ സ്ഥിരമായി തുടരുന്നതിന് 2.1 എന്ന നിരക്ക് എങ്കിലും ആവശ്യമാണ്. ഇത് ജപ്പാന്റെ മാത്രം പ്രതിസന്ധിയല്ല; ദക്ഷിണ കൊറിയ (0.8), ചൈന (1.2), ഇറ്റലി (1.3), സ്പെയിൻ (1.3), റഷ്യ (1.5), ജർമനി (1.5), യു.കെ (1.6), തുടങ്ങിയ രാജ്യങ്ങളും ഇതേ പ്രശ്നം നേരിടുന്നുണ്ട്. ▶ 9

# മുതിർന്നവരെ മറക്കാനാകുമോ?



ഡോ. സിബി മാത്യൂസ്



അറുപതു വയസ്സിനുമേൽ പ്രായമുള്ളവരാണ് സർക്കാർരേഖപ്രകാരം 'മുതിർന്ന പൗരന്മാർ' അഥവാ 'സീനിയർ സിറ്റിസൺസ്.' അതനുസരിച്ച്, കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യയിൽ 16.5 ശതമാനം മുതിർന്ന പൗരന്മാരാണ്. ഭാവിയിൽ ഇവരുടെ എണ്ണം വർധിക്കാനാണു സാധ്യത. ഉദ്ദേശം 42 ലക്ഷമാണ് കേരളത്തിലെ മുതിർന്ന പൗരന്മാരുടെ സംഖ്യ.

ആരോഗ്യവും പദവിയും അധികാരവും പ്രവർത്തനശേഷിയുമൊക്കെ ഉണ്ടായിരുന്ന കാലത്ത് സമൂഹവും ബന്ധുമിത്രാദികളുമൊക്കെ നൽകിയിരുന്ന പരിഗണനയും കരുതലും, 'മുതിർന്ന പൗരന്മാർ' എന്ന വിഭാഗത്തിലേക്കു മാറുന്നതോടെ നഷ്ടപ്പെട്ടുപോകുന്നത് ഏറെ മാനസിക സംഘർഷത്തിനും അപകർഷതാബോധത്തിനും ഇടയാക്കുന്നു. അതുപോലെതന്നെ, കഴിഞ്ഞകാലത്തു സംഭവിച്ച തിരുത്താനാവാത്ത തെറ്റുകൾ, മറക്കാൻ ശ്രമിച്ചാലും വേദനിപ്പിക്കുന്ന ഓർമകൾ മുന്നറിയിപ്പില്ലാതെ കടന്നുവന്ന് മനസ്സിനെ മഥിക്കുന്നു.

"മറവിതൻ മാറിടത്തിൽ
മയങ്ങാൻ കിടന്നാലും
ഓർമകൾ ഓടിയെത്തി
ഉണർത്തീടുന്നൂ..'' (മുറപ്പെണ്ണ്) എന്ന പി. ഭാസ്കരൻമാസ്റ്ററുടെ വരികൾ എത്രയോ അർഥവത്താണ്. പ്രമേഹം, ഉയർന്ന രക്തസമ്മർദം, സന്ധിവേദന, മറവിരോഗം തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ വേറെ.

സാമ്പത്തികപ്രശ്നങ്ങളാണ് ഏറെ ഗുരുതരം. ജനസംഖ്യയിലെ നാലോ അഞ്ചോ ശതമാനത്തിനുമാത്രമാണ് (സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ, ബാങ്കുകൾ മുതലായവയിലെ ജീവനക്കാർ) ഭേദപ്പെട്ട പെൻഷൻ ലഭിക്കുന്നത്. ബാക്കിയുള്ളവരിൽ 90 ശതമാനത്തിനും കൃത്യമായ വരുമാനസ്രോതസ്സുകളില്ല. കേരളസർക്കാർ നൽകുന്ന സാമൂഹികക്ഷേമപെൻഷൻ, പ്രതിമാസം വെറും 1500 രൂപയാണ്. അതുപോലും കൃത്യമായി ലഭിക്കാറില്ല. മക്കളെ ആശ്രയിച്ചുകഴിയേണ്ടിവരുന്ന മുതിർന്ന പൗരന്മാരുടെ അവസ്ഥ പരിതാപകരം തന്നെ. പ്രായമായ മാതാപിതാക്കളെ 'നടതള്ളുന്ന' സംഭവങ്ങളും വിരളമല്ല.

'മുതിർന്ന പൗരന്മാർ കാലഹരണപ്പെട്ടവരാണ്, അവർക്കിനി സമൂഹത്തിനുവേണ്ടി ഒന്നും നൽകാനാവില്ല, വീട്ടിലെ ഏതെങ്കിലും മൂലയിൽ അവർ ഒതുങ്ങിക്കഴിയട്ടെ' എന്ന ചിന്താഗതിയാണ് പുതിയ തലമുറയിൽ നല്ലൊരു വിഭാഗത്തിനുമുള്ളത്. എന്നാൽ, മുതിർന്ന പൗരന്മാരുടെ അനുഭവജ്ഞാനവും പരിചയസമ്പത്തും സമൂഹത്തിന് ഏറെ പ്രയോജനകരമായി ഉപയോഗിക്കാൻ കഴിയേണ്ടതാണ്. അമേരിക്കൻ പ്രസിഡന്റുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഡൊണാൾഡ് ട്രംപിന് പ്രായം 78 കഴിഞ്ഞു. 140 കോടി ഭാരതീയരുടെ സുരക്ഷ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ഉപദേഷ്ടാവായ അജിത്കുമാർ ഡോവൽ എന്ന മുൻ ഐപിഎസ് ഉദ്യോഗസ്ഥന്റെ പ്രായം 79 ആണ്. നൂറിലധികം കമ്പനികളടങ്ങുന്ന 'ടാറ്റാസൺസ്' വ്യവസായശൃംഖലയുടെ അമരക്കാരനായ രത്തൻ ടാറ്റായുടെ പ്രായമാകട്ടെ, 86 വയസ്സാണ്. ഇതുപോലെ മറ്റു പലരും മുതിർന്ന പ്രായത്തിലും സമൂഹത്തിൽ പ്രമുഖസ്ഥാനങ്ങൾ അലങ്കരിക്കുന്നുണ്ട്.

മക്കളെല്ലാം പഠിച്ചു വിദേശരാജ്യങ്ങളിൽ ചേക്കേറിയതോടെ ജനിച്ചുവളർന്ന വീടും വളർത്തിവലുതാക്കിയ മാതാപിതാക്കളും അനാഥരാകുന്ന സ്ഥിതി ഇപ്പോൾ കേരളത്തിൽ ധാരാളമായി കണ്ടുവരുന്നു. മാതാപിതാക്കളിൽ ഇതു സൃഷ്ടിക്കുന്ന ശൂന്യതാബോധം, ഒരുപക്ഷേ, മക്കൾ അറിയുന്നില്ലായിരിക്കാം. ഈ അവസ്ഥയെ സാമൂഹികശാസ്ത്രജ്ഞന്മാർ വിളിക്കുന്നത് 'Empty Nest Syndrome' എന്നാണ്.

പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ, എല്ലാ മുതിർന്ന പൗരന്മാരുടെയും സംരക്ഷണം സർക്കാരിന് ഏറ്റെടുക്കാനാവില്ല. വിവിധ മത-സാമൂഹികനേതാക്കളുടെ സവിശേഷശ്രദ്ധ ഈ വിഷയത്തിൽ ഇനിയെങ്കിലും ഉണ്ടാവേണ്ടതാണ്. ഉയർന്ന നിരക്കിൽ ഫീസീടാക്കുന്ന സിബിഎസ്ഇ സ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നതിനെക്കാൾ പ്രാധാന്യം, മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി സീനിയർ സിറ്റിസൺസ് ഹോമുകൾ സ്ഥാപിച്ചു നടത്തുന്നതിനു നൽകേണ്ടിയിരിക്കുന്നു. തങ്ങൾ നിസ്സഹായരും നിരാലംബരും സമൂഹത്തിനു വേണ്ടാത്തവരും വിലയില്ലാത്തവരുമാണെന്ന് മുതിർന്ന പൗരന്മാർക്കു തോന്നാൻ ഇടയാവരുത്.

ജീവിതം അർഥശൂന്യമാണെന്ന ചിന്ത അവരെ അലട്ടാതിരിക്കട്ടെ.

"കുഛ് പാകർ ഖോനാ ഹൈ
കുഛ് ഖോകർ പാനാ ഹൈ
ജീവൻ കാ മത്‌ലബ് തൊ
ആനാ ഔർ ജാനാ ഹൈ."

(ചിലതൊക്കെ നേടിയെടുക്കാനുണ്ട്, അതിനായി മറ്റുചിലതൊക്കെ നഷ്ടപ്പെടുത്തേണ്ടിവന്നേക്കാം, മുന്നറിയിപ്പില്ലാതെ ചിലരൊക്കെ ജീവിതത്തിലേക്കു കടന്നുവന്നേക്കാം, അതുപോലെതന്നെ ചിലരൊക്കെ യാത്രാമൊഴി ചൊല്ലി വിട്ടുപിരിഞ്ഞേക്കാം.) 'ഷോർ' എന്ന ഹിന്ദി ചിത്രത്തിനുവേണ്ടി (1972) സന്തോഷ് ആനന്ദ് എന്ന കവി രചിച്ച ഗാനത്തിലെ ഈരടികളാണിവ.

ഇങ്ങനെയൊക്കെയാണ് മനുഷ്യജീവിതമെന്നു കരുതി, മുതിർന്ന പൗരന്മാർക്ക് ആശ്വസിക്കാം. ■

# വീടു കാക്കേണ്ടവർ നാടുവിട്ടാലോ?



മേഴ്സിക്കുട്ടി എബ്രഹാം



കുറച്ചുവർഷങ്ങൾക്കുമുമ്പ് വിദേശത്ത്, ഒരു റെയിൽവേസ്റ്റേഷനിൽ ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. നല്ല വെടിപ്പും വൃത്തിയുമാണു സ്റ്റേഷന്. നമ്മുടെ പഞ്ചനക്ഷത്ര ആശുപത്രികളെക്കാൾ ഉത്തമം. രണ്ടു ചെറുപ്പക്കാർ ടോയ്‌ലറ്റ് കഴുകുകയും തറ തുടയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ സംസാരം ഞാൻ ശ്രദ്ധിച്ചു. ശുദ്ധമായ മലയാളം. കുറച്ചുസമയം ഞാൻ അവരെത്തന്നെ നോക്കിയിരുന്നു. ഇതു മനസ്സിലാക്കിയ അവർ എന്നോട് 'അമ്മച്ചി മലയാളിയാണോ' എന്നു ചോദിച്ചു. 'അതെ'യെന്നു ഞാൻ പറഞ്ഞു. അപ്പോഴേക്കും അവരുടെ ജോലിസമയം കഴിഞ്ഞിരുന്നു. അവർ എന്നോട് അവരുടെ ജീവിതത്തെപ്പറ്റി സംസാരിച്ചു. കേരളത്തിൽ ഉയർന്ന മാർക്കുവാങ്ങി ബി.ടെക് ബിരുദം നേടിയവരാണ്. വീടും സ്ഥലവും വിറ്റ് ഏജന്റുമാർക്ക് പണം നൽകി, ഇവിടെ എത്തിയതാണ്. ഒത്തിരിയേറെ അലഞ്ഞിട്ടും ജോലിയൊന്നും കിട്ടിയില്ല.

പ്രിയ മാതാപിതാക്കളേ, നമ്മുടെ നാട്ടിൽ ഒരു ജോലിയും ചെയ്യാത്തവർ ഓസ്ട്രേലിയ, കാനഡ, അയർലണ്ട്, ലണ്ടൻ തുടങ്ങിയ രാജ്യങ്ങളിൽ ചെന്നാൽ ഏതു പണിയും ചെയ്യും! ഏതു പണിയും മാന്യതയുള്ളതാണ്. അത് നമുക്കും അറിയാം. എന്നാൽ, നമ്മുടെ കുട്ടികൾ നമ്മുടെ രാജ്യത്തു ജോലി ചെയ്യട്ടെ. അതിനായി അവരെ പ്രാപ്തരാക്കുകയും പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുകയെന്നത് നമ്മുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്.

കേരളംപോലെ സുന്ദരമായ നാട് ഒരിടത്തുമില്ലെന്നാണു ഞാൻ മനസ്സിലാക്കുന്നത്. നമുക്കു വിശന്നാൽ കഴിക്കാൻ ചക്ക, മാങ്ങ, കപ്പ, ഏത്തവാഴ ഇവയെല്ലാമുണ്ട്. കുറച്ച് അധ്വാനിച്ചാൽ ഒരിക്കലും പട്ടിണി അനുഭവിക്കേണ്ടിവരില്ല. വിദേശത്തു പോകാൻ കുട്ടികൾ പറയുന്ന ന്യായം ഇവിടെ ജോലിയൊന്നും കിട്ടുകയില്ലെന്നാണ്. മിടുക്കരും അർപ്പണമനോഭാവത്തോടെ പഠിക്കുന്നവരുമായ വിദ്യാർഥികൾക്ക് അവരുടെ പഠനകാലത്തുതന്നെ ജോലി ലഭിക്കാറില്ലേ? പഠനം കഴിഞ്ഞ്, അവർ പഠിച്ച കാര്യം സ്വന്തമായി ചെയ്തുകൂടേ? ഡിഗ്രി പാസായവർക്കു കുട്ടികൾക്കു ട്യൂഷൻ എടുക്കാമല്ലോ? അവനവന്റെ വീട്ടുമുറ്റത്ത് പത്തു വാഴ നട്ടുകൂടേ?

എല്ലാവരും വിദേശത്തായതുകൊണ്ട് പല വീടുകളും സ്ഥലങ്ങളും വെറുതെ കിടക്കുകയാണ്. ഇങ്ങനെയുള്ള സ്ഥലങ്ങൾ പാട്ടത്തിനെടുത്ത് പുതിയ സംരംഭം തുടങ്ങാം. അങ്ങനെ മാതാപിതാക്കൾക്കു താങ്ങും തണലുമായി കേരളത്തിൽ ജീവിക്കാൻ ചെറുപ്പക്കാർ തയ്യാറാവണം.

കേരളത്തിലേക്ക് അന്യസംസ്ഥാനത്തൊഴിലാളികൾ കൂട്ടത്തോടെ വരുകയാണ്. പണ്ടെങ്ങുമില്ലാതിരുന്ന അവസ്ഥയാണിത്. ഇവിടെ ഇഷ്ടംപോലെ ജോലികളുണ്ട്. നമ്മൾ വിദേശത്തു ചെന്നാൽ, ഇവിടെ അതിഥിത്തൊഴിലാളികൾക്കു കൊടുക്കുന്ന അംഗീകാരമേ ലഭിക്കുകയുള്ളൂ.

പെൺമക്കൾക്കു വിവാഹാലോചനകൾ വരുമ്പോൾ പണ്ടത്തെ മാതാപിതാക്കൾക്ക് ഒരു വീക്ഷണമുണ്ടായിരുന്നു - മക്കളെ അധികം ദൂരെയല്ലാതെ കെട്ടിക്കണം. കാരണം, അപ്പനും ആങ്ങളമാർക്കും വല്ലപ്പോഴെങ്കിലും അവളെ കാണാനും അന്വേഷിക്കാനും പറ്റും. മകളുടെ മുഖത്തുനോക്കി, അപ്പൻ അവളുടെ ജീവിതം വിലയിരുത്തിയിരുന്ന സുന്ദരമായ കാലം. എന്തെങ്കിലും പ്രയാസം മകൾക്കുണ്ടെന്നു തോന്നിയാൽ ഉചിതമായ സമയത്ത് ഇടപെടുമായിരുന്നു. ഇപ്പോഴത്തെ മാതാപിതാക്കളുടെ വിചാരം മകളെ വിദേശത്തു ജോലിയുള്ളവരെക്കൊണ്ടു കെട്ടിക്കണമെന്നാണ്. മകൾക്കും അതുതന്നെ വിചാരം.

ആയതിനാൽ, പ്രിയപ്പെട്ട മാതാപിതാക്കളേ, നമ്മുടെ ഓമനകളെ വിദേശത്തേക്കു വിടാൻ താത്പര്യപ്പെടരുത്. ഓരോ ഏജൻസിയും മോഹനവാഗ്ദാനങ്ങൾ നൽകും. നമ്മുടെ കുഞ്ഞുങ്ങൾ അവിടെച്ചെന്നാൽ കഷ്ടപ്പെടും. നമുക്കു കാണാനും സാധിക്കില്ല. ആരെങ്കിലുമൊക്കെ വിദേശത്തുപോയി പണി ചെയ്തു വലിയ വീടുവെച്ചായിരിക്കും. അതൊന്നും എല്ലാവർക്കും നടന്നെന്നു വരില്ല. അന്യസംസ്ഥാനത്തൊഴിലാളികളും കേരളത്തിൽ വലിയ വീടുകൾ വയ്ക്കുകയും ഏക്കർക്കണക്കിനു കൃഷി കൈകാര്യം ചെയ്യുകയും ചെയ്യുന്നുണ്ടെന്നു നമുക്കറിയാമല്ലോ? ■

# ഗുരുബോധത്തിന്റെ രണ്ടാംപിറവി



പ്രൊഫ. സിജു ജോസഫ്

"മകരം മരങ്ങളിലോർമകൾ
പൊഴിച്ചാലും
പകരം സ്വപ്നത്തിൻ പച്ചകൾ
പൊടിച്ചാലും
നിന്റെ ചൂരലിൻ നീലപ്പാടുകൾ
തിണർത്തതാണെന്റെ കൈപ്പ
ടയിന്നും
നിന്റെ കോപത്തിൻ
ലോഹലായനിയെരിയുന്നു
ണ്ടെൻ
തൊണ്ടയിലിന്നും."

ബാല്യം ഇരുളിലായിപ്പോയ ഒരുവന്റെ മനോവ്യാപാരങ്ങളാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ അമാവാസി എന്ന കവിതയുടെ ഉള്ളടക്കം. അച്ഛന്റെ ക്രൂരമായ ശിക്ഷകൾകൊണ്ടും വിലക്കുകൾകൊണ്ടും തീനരകമായി മാറിയ ബാല്യത്തെക്കുറിച്ചുള്ള ഓർമകൾ ഒരിക്കലും അവനെ വിട്ടൊഴിയുന്നില്ല. അച്ഛന്റെ മരണാനന്തര കർമങ്ങൾ ചെയ്യുന്ന നിമിഷങ്ങളിൽപോലും നിസ്സംഗമെന്നോ നിർവികാരമെന്നോ വിശേഷിപ്പിക്കാവുന്ന മാനസികാവസ്ഥയിലാണ് അയാൾ.

'നന്നായി വരാനെ'ന്ന പേരിൽ എത്രയോ കുഞ്ഞുങ്ങളെയാണ് മനുഷ്യത്വരഹിതവും നിരാർദ്രവുമായ അനുഭവങ്ങളിലേക്കു നാം വലിച്ചെറിയുന്നത്! അതുണ്ടാക്കുന്ന മുറിവുകൾ അവസാനശ്വാസംവരെ ഒരുവന്റെ ജീവിതവഴികളിൽ അരക്ഷിതത്വത്തിന്റെയും വെറുപ്പിന്റെയും കനലുകൾ വിതറുന്നുണ്ട്. ഒരിടത്തും ഉറയ്ക്കാതെ അലഞ്ഞും കരഞ്ഞുമൊടുങ്ങിയ പല ജീവിതങ്ങളുടെയും പിന്നിൽ നാം കാണാത്ത എത്രയോ 'ചട്ടവ്രണങ്ങൾ' ഉണ്ടാവും.

ഒരു സിനിമയെക്കുറിച്ചാണു പറഞ്ഞുവരുന്നത്. അധ്യാപനത്തെയും മാതൃത്വത്തെയും പിതൃത്വത്തെയും ശിശുകേന്ദ്രീകൃതവിദ്യാഭ്യാസത്തെയുംകുറിച്ച് ഇത്രയും സൂക്ഷ്മവും ധ്വനിസാന്ദ്രവുമായി നമ്മോടു സംസാരിച്ച മറ്റൊരു സിനിമയുണ്ടാവില്ല. 'വിദ്യ പകർന്നുകൊടുക്കുന്ന അധ്യാപകന്റെയുള്ളിൽ ഒരു മനുഷ്യനുണ്ടാവണം എന്ന സംഭാഷണത്തിന്റെ ഒരറ്റത്തു വീടിനെയും മറ്റേ റ്റത്തു വിദ്യാലയത്തെയും ബന്ധിപ്പിച്ചുനിർത്തി ഭദ്രൻ നിർവഹിച്ച സുന്ദരമായ ചലച്ചിത്രാഖ്യാനമായിരുന്നു 'സ്ഫടികം.' കഴിഞ്ഞ 29 വർഷമായി നമ്മുടെ വിദ്യാഭ്യാസ-സാംസ്കാരികപരിസരങ്ങളിൽ ഈ സിനിമയുണ്ട്. പറയാതെ വയ്യ, ഇതുപോലെ തെറ്റായി വായിക്കപ്പെടുകയും വന്യമായി ആഘോഷിക്കപ്പെടുകയും ചെയ്ത മറ്റൊരു സൃഷ്ടി മലയാളസിനിമയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല.

അമ്മ എപ്രകാരമാണോ കുഞ്ഞിനെ ഉദരത്തിൽ സംവഹിച്ചും സംരക്ഷിച്ചും ലോകത്തിനു സമ്മാനിക്കുന്നത്, അതുപോലെതന്നെയാണ് ഒരു ആചാര്യൻ വിദ്യാരംഭത്തിനായി തന്റെ മുന്നിലെത്തുന്ന കുഞ്ഞിനെ രൂപാന്തരപ്പെടുത്തി ലോകത്തിനു കൈമാറേണ്ടത് എന്നാണ് ഉപനയനത്തെ സംബന്ധിച്ച ഭാരതീയദർശനം. അതുകൊണ്ടാണ് ഉപനയനകാലം പൂർത്തിയാക്കി പുറത്തുവരുന്ന കുഞ്ഞിനെ 'വീണ്ടും ജനിച്ചവൻ' എന്ന അർഥത്തിൽ 'ദ്വിജൻ' എന്നു വിശേഷിപ്പിച്ചിരുന്നത്. 'സ്ഫടികം' ഒരു രണ്ടാം പിറവിയുടെ കഥയായിരുന്നു. പിതൃത്വം എന്നാൽ അധികാരംമാത്രമാണെന്നു ധരിച്ചുപോയ അപ്പൻ, വിഷയത്താൽ വിഴുങ്ങപ്പെട്ടുപോയ അധ്യാപകൻ, അനീതി നിറഞ്ഞ ബാല്യത്തിന്റെ ഉണങ്ങാത്ത മുറിവുകളും അണയാത്ത കനലുകളും പില്ക്കാലജീവിതത്തിന്റെ മൂലധനമായി ചുമക്കേണ്ടിവന്ന ചെറുപ്പക്കാരൻ, ഇവരുടെ അറിവിന്റെയും തിരിച്ചറിവിന്റെയും പ്രായശ്ചിത്തത്തിന്റെയും നിഴലും വെളിച്ചവുമാണ് ഈ സിനിമ പ്രതിഫലിപ്പിച്ചത്.

'സ്ഫടികം' ആരംഭിക്കുന്നതും അവസാനിക്കുന്നതും ഓട്ടത്തിലാണ്. കൊല ചെയ്യപ്പെടുന്ന കുഞ്ഞാടും കൊലക്കത്തിയും ചോരയുടെ മണമറിഞ്ഞു ക്ഷമയോടെ കാത്തിരിക്കുന്ന കഴുകനും ഉൾപ്പെട്ട ബിംബപശ്ചാത്തലത്തിലാണ് തോമയുടെ ഓട്ടം ആരംഭിക്കുന്നത്. എപ്പോഴോ തുടങ്ങിവച്ച യുദ്ധത്തിന്റെ തുടർച്ചയാണ് ആ ഓട്ടം. പ്രതികാരത്തിന്റെ കണക്കുനോട്ടവും കടംവീട്ടലുമാണ് ആ ഓട്ടത്തിന്റെ ഇന്ധനം. സഹിഷ്ണുതയുടെയോ സന്മാർഗത്തിന്റെയോ വിത്തു വീണാൽ മുളയ്ക്കാത്ത കരിമ്പാറയായി അയാളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയ മനുഷ്യർക്കും ഇടങ്ങൾക്കും വ്യവസ്ഥിതികൾക്കുമാണ് തോമയുടെ പാച്ചിലിൽ ദാക്ഷിണ്യമില്ലാതെ മുറിവ് ഏറ്റുവാങ്ങേണ്ടിവരുന്നത്.

അധ്യാപനത്തെയും രക്ഷാകർത്തൃത്വത്തെയും സംബന്ധിച്ച് നാം കേട്ടിട്ടുള്ള മഹത്തായ എല്ലാ ദർശനങ്ങളുടെയും ചുടലപ്പറമ്പായിരുന്നു ചാക്കോമാഷിന്റെ വീടും ക്ലാസുമുറിയും. ചാക്കോമാഷിന്റെ കരലാളനകളേറ്റു ചിരിച്ചും ഉല്ലസിച്ചും സ്വാതന്ത്ര്യബോധത്തോടെ കൈകാലുകളിളക്കി മുന്നോട്ടുകുതിക്കാൻ വെമ്പിയും നില്ക്കുന്ന ഒരു കുഞ്ഞിന്റെ ചിത്രം 'സ്ഫടിക'ത്തിൽ ഒരുനിമിഷം മിന്നിമറയുന്നുണ്ട്. അവൻ തന്റെ സ്വപ്നങ്ങളുടെ തുടർച്ചയായി മാറുന്ന ഒരു കാലത്തെക്കുറിച്ചുള്ള സ്വപ്നങ്ങളെയാവും ചാക്കോമാഷ് ഏറ്റവുമധികം താലോലിച്ചിട്ടുണ്ടാവുക. മകനിലൂടെ തന്റെ യശസ്സ് ഉയരണമെന്നും വളരണമെന്നുമുള്ള ശാഠ്യമാണ് ചാക്കോമാഷിന്റെ ദുരാത്മകജീവിതത്തിന്റെ ആധാരം. മകന്റെ ഭ്രമണപഥം തന്റെ സ്വപ്നങ്ങളുടെ കേന്ദ്രബിന്ദുവിൽനിന്ന് ഒരുപാടു ദൂരെയാണ് എന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത അയാൾക്ക് അന്യമാണ്. വെള്ളികെട്ടിയ ചൂരലും ലാടം പതിപ്പിച്ച ഷൂസും ഉന്നംതെറ്റാത്ത ചോക്കേറും ഉപ്പുകല്ലിനു മുകളിലെ മുട്ടുകുത്തിക്കലും ഒന്നുമല്ലാതാക്കി തകർത്തുകളയുന്ന ക്രൂരമായ താരതമ്യങ്ങളും 'ബോധനോപാധികളാക്കി' അയാൾ നടത്തുന്ന അധ്യാപനപ്രക്രിയയിൽനിന്നാണ് ആടുതോമായുടെ പിറവി. തോമ നടത്തിയ ഹിംസാത്മക യാത്രകളുടെയെല്ലാം തലതൊട്ടപ്പൻ ചാക്കോമാഷാണ്. ഭൂഗോളത്തിന്റെ സ്പന്ദനമറിഞ്ഞവൻ സ്വന്തം കുഞ്ഞിന്റെ ഹൃദയത്തോടു കാതുചേർക്കാൻ മറന്നുപോയി. ചാക്കോമാഷ് കണക്കുപഠിപ്പിച്ചാൽ കഴുതയും കണക്കു പഠിക്കും എന്ന പ്രശംസ തനിക്കു ലഭിച്ച ദേശീയപുരസ്കാരത്തോടൊപ്പം അയാൾ ചേർത്തുപിടിക്കുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് നിങ്ങളുടെ സ്നേഹം കൊടുക്കാം, ചിന്തകൾ അടിച്ചേല്പിക്കരുത് എന്നു പറഞ്ഞ ഖലീൽ ജിബ്രാനും ദൈവം സൂക്ഷിക്കാനേല്പിച്ച നിധികളാണ് കുഞ്ഞുങ്ങൾ എന്നു പറഞ്ഞ ചാവറയച്ചനും ചാക്കോമാഷിന് അപ്രാപ്യമായ ധ്രുവങ്ങളായിരുന്നു. അപ്പുറത്തെ 'വെറും' പൊലീസുകാരന്റെ മകൻ കണക്കിന് നൂറിൽ നൂറു മേടിച്ചു വളരുമ്പോൾ 'കൊല്ലൻ തോമ'യായി മാറുന്ന തന്റെ മകനെയോർത്ത് എത്രയോ രാത്രികളിൽ അയാൾക്ക് ഉറക്കം നഷ്ടപ്പെട്ടിട്ടുണ്ടാവും. ഉത്തരപ്പേപ്പറിലെ മാർക്കിന്റെ തൂക്കംമാത്രമായിരിക്കണം വിദ്യാർഥിയുടെ പ്രതിഭയുടെ മാനദണ്ഡം എന്ന അപകടകരമായ ഗുരുബോധത്തിന്റെ 'ഓട്ടക്കാലണ'വട്ടത്തിൽനിന്നു പുറത്തുകടക്കാനാവാത്തതായിരുന്നു ചാക്കോമാഷിന്റെ ദുരന്തം.

മകന്റെ ശരീരത്തിലും മനസ്സിലും താൻ ഏല്പിച്ച പ്രഹരങ്ങൾ അവനിൽ ഒരു തീയായി ആളിത്തുടങ്ങിയെന്നറിയാൻ ചാക്കോമാഷിനു വേണ്ടിവന്നത് ഒരു പുരുഷായുസ്സാണ്. 'ഊതരുതേ, ഊതിയാൽ തീപ്പൊരി പറക്കും' എന്ന് ആടുതോമ നല്കുന്ന താക്കീതിന് എത്രയോ ആഴത്തിലുള്ള ധ്വനിതലമാണുള്ളത്! 'ഊതിക്കാച്ചിയ പൊന്നിനെ കരിക്കട്ടയാക്കി കളഞ്ഞില്ലേ' എന്ന നെഞ്ചുപൊട്ടിയുള്ള അമ്മയുടെ ചോദ്യവും 'ഉലയൂതിയവന്റെ മനസ്സ് ഉരുകിയ പൊന്നറിഞ്ഞില്ലല്ലോ' എന്ന ആത്മവ്യഥയോടെയുള്ള അപ്പന്റെ മറുപടിയും ഇതോടൊപ്പം ചേർത്തുവയ്ക്കണം. അധ്യാപനവും രക്ഷാകർത്തൃത്വവും എത്ര കരുതലോടെയും ദീർഘദർശനത്തോടെയും നിർവഹിക്കപ്പെടേണ്ട ദൗത്യങ്ങളാണെന്ന് 'സ്ഫടികം' ഓർമിപ്പിക്കുന്നു. അറിവാകുന്ന അഗ്നിയിൽ സ്ഫുടം ചെയ്തെടുക്കപ്പെട്ട് ശോഭിക്കേണ്ടവൻ തീതന്നെയായി മാറുന്നതിന്റെയും ഉലയൂതിയവന്റെ ജീവിതത്തിലേക്ക് അത് ആളിപ്പടർന്നതിന്റെയും ദുരന്തകഥകൂടിയാണ് 'സ്ഫടികം.'

'കല്ലുകൾ കല്ലുകളായിത്തന്നെ മണ്ണിലുറങ്ങുന്നു; കരളിൽ കൊട്ടാരമുള്ളവർ അവയെ കണ്ടെത്തി കൈയിലെടുക്കുംവരെ' എന്നൊരു ചൊല്ലുണ്ട്. അതേറ്റവും ഇണങ്ങുന്നത് അധ്യാപകർക്കാണ്. വെളുപ്പ് എല്ലാ നിറങ്ങളെയും പ്രതിഫലിപ്പിക്കുന്നതുപോലെ മുന്നിലെത്തുന്ന വിദ്യാർഥികളുടെ വ്യത്യസ്ത അഭിരുചികളെ തിരിച്ചറിയാനും പ്രതിഫലിപ്പിക്കാനും അധ്യാപകനു സാധിക്കണം. വെളുപ്പിന്റെ ധർമമറിയാതെ അതണിഞ്ഞ ഗുരുവായിരുന്നു ചാക്കോമാഷ്. താൻ തകർത്തുകളഞ്ഞ മകന്റെ സ്വപ്നങ്ങളുടെ അവശേഷിപ്പുകളുറങ്ങുന്ന മച്ചിൻപുറത്തു കയറുമ്പോൾമാത്രമാണ് അവനോടു താൻ ചെയ്ത അനീതിയുടെ ആഴം അയാൾക്കു ബോധ്യമാകുന്നത്. കാലം ഒരുക്കിവച്ച പാഠശാലയിലേക്കു കയറാൻ അയാൾ ഒരുപാടു വൈകിപ്പോയി. അതുകൊണ്ടാണ് രാഷ്ട്രപതിയിൽനിന്ന് അധ്യാപകപുരസ്കാരം സ്വീകരിക്കുന്ന ചാക്കോമാഷിന്റെ ചില്ലിട്ട ചിത്രം എറിഞ്ഞുടയ്ക്കപ്പെടാൻ സംവിധായകൻ അനുവദിക്കുന്നത്. അയാളുടെ വീട്ടുമുറ്റത്തു പതിക്കുന്ന നീട്ടിത്തുപ്പുകൾ ഓരോന്നും ദിശ തെറ്റിപ്പോയ അധ്യാപനത്തിന്റെ നേർക്കുള്ള പ്രതിഷേധക്കുറിപ്പുകളായിരുന്നു. പ്രായശ്ചിത്തത്തിന്റെ കണ്ണീരുവീണ പുത്തൻ വെളുത്തകുപ്പായം അപ്പനെ അവസാനമായി അണിയിക്കാൻ പാഞ്ഞെത്തുന്നിടത്താണ് തോമായുടെ ഓട്ടം അവസാനിക്കുന്നത് എന്നതും ശ്രദ്ധേയമാണ്. അനുഭവങ്ങളുടെ അഗ്നിയിൽ സ്ഫുടം ചെയ്തെടുക്കപ്പെട്ട ഗുരുബോധത്തിന്റെ രണ്ടാം പിറവിയായിരുന്നു 'സ്ഫടിക'ത്തിലൂടെ പ്രകാശിപ്പിക്കപ്പെട്ടത്. ■



## പേരുദോഷക്കാരൻ

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

അഭിനയത്തിന്റെ കാര്യത്തിൽ അവൻ ഗജകേസരിയായിരുന്നു. തലയെടുപ്പുള്ള ആനയെപ്പോലെ, സടകുടഞ്ഞു ഗർജിക്കുന്ന സിംഹത്തെപ്പോലെ, അവൻ നാടകവേദിയിൽ നിറഞ്ഞുനിന്നു.

അസൂയയാൽ ഒളിയമ്പെയ്തവരുണ്ട്. അതൊന്നും കൂട്ടാക്കാതെ അവൻ രാജകീയമായി മുന്നേറി. പക്ഷേ, ഇണയിൽനിന്ന് എന്തുകൊണ്ടോ വേർപിരിഞ്ഞു ജീവിക്കുന്ന ഒരു കലാകാരിയുടെ മുമ്പിൽ അവൻ അടിപതറി. അവന്റെ ഇണയിൽനിന്ന് അവനെ വേർപെടുത്തിയതും അവളാണ്.

അങ്ങനെ, പേരെടുത്തവൻ പേരുദോഷക്കാരനായി.

# സ്നേഹത്തിന് അതിർവരമ്പുകളില്ല



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**രണ്ടാം ഭാഗം**



**1910** ഓഗസ്റ്റ് 26 ന് അന്നത്തെ യുഗോസ്ലാവിയാ (ഇന്ന് ഉത്തരമാസി ഡോണിയ) സ്കോപിജെ എന്ന പട്ടണത്തിൽ അൽബേനിയൻ വംശജരായ മാതാപിതാക്കളിൽനിന്ന് മദർ തെരേസ ഭൂജാതയായി. പിറ്റേന്ന് ഓഗസ്റ്റ് 27 ന് ആഗ്നസ് എന്ന പേരു നല്കിക്കൊണ്ട് കുഞ്ഞിനെ മാമ്മോദീസാ മുക്കി. പല പുസ്തകങ്ങളിലും മാമ്മോദീസാത്തീയതിയാണ് ജനനത്തീയതിയായി നല്കുന്നത്. ഇന്ത്യയുടെ മുഖ്യതിരഞ്ഞെടുപ്പു കമ്മീഷണറായിരുന്ന നവീൻ ചൗള മദർ തെരേസയെപ്പറ്റി രചിച്ച ഗ്രന്ഥത്തിലാണ് ഈ വിശദാംശം നല്കിയിരിക്കുന്നത്. (മദർ തെരേസ - നവീൻ ചൗള ഡി.സി. ബുക്സ് പേജ് 21). 1975 ൽ ഡൽഹി ലഫ്റ്റനന്റ് ഗവർണറുടെ സെക്രട്ടറിയായിരുന്ന കാലം മുതൽ നവീൻ ചൗളയ്ക്ക് മദർ തെരേസയെ അറിയാം. മദറിന്റെ ദൗത്യം എന്തെന്നു വിശദമാക്കുന്ന ഒരു ഗ്രന്ഥമാണ് അദ്ദേഹം രചിച്ചത്. ഈ കൃതിയെ അവലംബിച്ച് മദറിനെപ്പറ്റി ചുരുക്കമായി പ്രതിപാദിക്കട്ടെ.

**ബാല്യകാലം, ദൈവവിളി**

ആഗ്നസിന് മൂത്ത ഒരു സഹോദരിയും സഹോദരനുമുണ്ടായിരുന്നു. അവൾക്ക് എട്ടുവയസ്സുള്ളപ്പോൾ പിതാവ് അന്തരിച്ചു. അമ്മ വസ്ത്രാലങ്കാരപ്പണികൾ നടത്തുന്ന ഒരു തൊഴിൽശാലയ്ക്കു നേതൃത്വം നല്കിക്കൊണ്ട് കുടുംബം പോറ്റാനുള്ള വക സമ്പാദിച്ചിരുന്നു. സ്നേഹം നിറഞ്ഞ ഒരന്തരീക്ഷത്തിൽ, അല്ലലില്ലാതെ ആഗ്നസ് വളർന്നുവന്നു.

സ്കൂളിലും ഇടവകയിലും ആഗ്നസ് സജീവസാന്നിധ്യമായിരുന്നു. മാതാവിന്റെ സൊഡാലിറ്റിയിൽ അംഗമായിരുന്ന ആഗ്നസിന്, ബംഗാളിൽ 1925 മുതൽ മിഷൻവേലയിൽ വ്യാപൃതനായിരുന്ന ഒരു യുഗോസ്ലാവിയൻ ഈശോസഭാവൈദികന്റെ കത്തുകൾ വായിച്ചുകേൾക്കാൻ അവസരമുണ്ടായി. പന്ത്രണ്ടു വയസ്സുള്ളപ്പോൾ ഇന്ത്യയിൽ ഒരു മിഷനറിയാകാനുള്ള ആഗ്രഹം ആഗ്നസിൽ ജനിച്ചു. 18-ാം വയസ്സിൽ അതൊരു ഉറച്ച തീരുമാനമായി. അമ്മയുടെ അനുവാദത്തോടെ ബംഗാളിൽ പ്രവർത്തിക്കുന്ന ഒരു ഐറിഷ് മഠത്തിൽ ചേരാനുള്ള അപേക്ഷ അയച്ചു. 1928 ൽ വീടിനോടും നാടിനോടും യാത്രപറഞ്ഞ് ഇന്ത്യയ്ക്കു പുറപ്പെട്ടു.

**ലൊരേത്തോ സന്ന്യാസിനി**

1931 മേയ് 24 ന് വ്രതവാഗ്ദാനം ചെയ്ത ആഗ്നസ് അന്നുമുതൽ സിസ്റ്റർ തെരേസയായി. ലിസ്യുവിലെ വിശുദ്ധ തെരേസിനെയാണ് മധ്യസ്ഥയായി സ്വീകരിച്ചത്. Therese എന്ന പേര് മറ്റൊരു സിസ്റ്റർ നേരത്തേ സ്വീകരിച്ചിരുന്നതിനാൽ Teresa എന്ന സ്പാനിഷ് സ്പെലിംഗാണ് ആഗ്നസ് സ്വീകരിച്ചത്. അതുകൊണ്ട് ആവിലായിലെ അമ്മത്രേസ്യായല്ല തന്റെ സ്വർഗീയമധ്യസ്ഥ എന്ന് മദർ തേരേസയ്ക്കു പലപ്പോഴും വ്യക്തമാക്കേണ്ടിവന്നിട്ടുണ്ട്. 1948 വരെ കൽക്കട്ടായിലുള്ള ലൊരേത്തോ സ്കൂളിൽ സിസ്റ്റർ തെരേസാ അധ്യാപികയും പ്രധാനാധ്യാപികയുമൊക്കെ ആയിരുന്നിട്ടുണ്ട്. മഠത്തിലെ ജീവിതം സി. തെരേസയ്ക്കു വളരെ സംതൃപ്തി നല്കിയിരുന്നു. ബംഗാളിഭാഷ നന്നായി അറിയാമായിരുന്നതുകൊണ്ട് ബംഗാളിതെരേസ എന്ന വിളിപ്പേരും ഉണ്ടായി.

**പാവങ്ങളിൽ പാവങ്ങൾക്കായി**

രണ്ടാം ലോകമഹായുദ്ധകാലത്ത് (1939-42) ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇന്ത്യാരാജ്യത്തെ ജപ്പാൻ സൈന്യം പ്രതിരോധത്തിലാക്കി. ബംഗാളിനു സമീപരാജ്യമായിരുന്ന ബർമ (മ്യാൻമർ) ജപ്പാൻകാർ കീഴടക്കി. ബർമയിൽനിന്നുള്ള അരിവരവ് നിലച്ചു. ബംഗാളിൽ വലിയ ക്ഷാമമുണ്ടായി. നാലുലക്ഷം പേരെങ്കിലും പട്ടിണികിടന്നു മരിച്ചുകാണുമെന്ന് നവീൻ ചൗള എഴുതുന്നുണ്ട് (പേജ് 46). ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ പാക്കിസ്ഥാന്റെ ഭാഗമായിത്തീർന്ന പൂർവബംഗാളിൽനിന്ന് ഇന്ത്യയുടെ ഭാഗമായ പശ്ചിമബംഗാളിലേക്ക് അഭയാർഥിപ്രവാഹമായിരുന്നു. പത്തുലക്ഷം അഭയാർഥികളെങ്കിലും പശ്ചിമബംഗാളിലെത്തി. ഇതിനുപുറമേ വർഗീയലഹളയും കൂട്ടക്കൊലയും അരങ്ങേറി. കൽക്കട്ടായിലെ സ്ഥിതിഗതികൾ സ്കൂളിലെ കുട്ടികളിൽനിന്നും മറ്റും സിസ്റ്റർ തെരേസാ മനസ്സിലാക്കി.

> "ഇന്ന് സമാധാനത്തിന്റെ ഏറ്റവും വലിയ ധ്വംസകൻ ജനിക്കാൻ അനുവദിക്കപ്പെടാത്ത നിരപരാധികളായ കുഞ്ഞുങ്ങളുടെ നിലവിളിയാണ്. ഒരമ്മയ്ക്ക് അവളുടെ ഗർഭപാത്രത്തിലുള്ള സ്വന്തം കുഞ്ഞിനെ കൊല്ലാമെങ്കിൽ മനുഷ്യർ തമ്മിൽത്തമ്മിൽ കൊല്ലുന്നതിലെന്താണ് അതിശയം? ഗർഭച്ഛിദ്രം നിയമവിധേയമാക്കിയ രാജ്യങ്ങളാണ് ലോകത്തിലേക്കുംവച്ച് ഏറ്റവും ദരിദ്രരാജ്യങ്ങൾ."

ഈ ദരിദ്രരുടെ ഇടയിലാണ് താൻ പ്രവർത്തിക്കേണ്ടതെന്ന ഉൾവിളി ദൈവത്തിന്റെ ആജ്ഞയായിട്ടാണ് സി. തെരേസ കണ്ടത്. 'വിളിക്കുള്ളിലെ വിളി' എന്നാണ് സിസ്റ്റർ തെരേസ അതിനെ വിശേഷിപ്പിച്ചത്.

കൽക്കട്ട രൂപതയുടെ മെത്രാനിൽനിന്നും വത്തിക്കാനിൽനിന്നും ലൊരേത്തോ മഠാധികാരികളിൽനിന്നും അനുവാദം കിട്ടാൻ രണ്ടു വർഷമെടുത്തു. പിന്നീട് പാറ്റ്നയിൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ പക്കൽനിന്ന് അത്യാവശ്യമായ രോഗീപരിചണപരിശീലനം നേടി.

പാറ്റ്നയിൽനിന്ന് കൽക്കട്ടയിൽ തിരിച്ചെത്തിയ സിസ്റ്റർ തെരേസാ തന്റെ കർമഭൂമിയിലേക്കിറങ്ങി. നീലക്കരയുള്ള വെള്ളസാരിയാണ് സി. തെരേസ സ്വീകരിച്ച യൂണിഫോം. അതിനു സാമ്യം കൽക്കട്ടയിലെ വീഥികൾ വൃത്തിയാക്കുന്ന തൂപ്പുകാരുടെ യൂണിഫോമിനോടായിരുന്നു.

ദരിദ്രരിൽ ദരിദ്രയായി, ദൈവവിശ്വാസംമാത്രം കൈമുതലായിക്കരുതി സിസ്റ്റർ തെരേസ ചേരികളിലെ പ്രവർത്തനം ആരംഭിച്ചു. ചേരിവാസികളാണ് അവരെ മദർ എന്നു വിളിച്ചുതുടങ്ങിയത്. താമസിയാതെതന്നെ സഹായികളും സഹപ്രവർത്തകരും സ്വമേധയാ വന്നെത്തി. അതിൽ ലൊരേത്തോമഠത്തിൽനിന്നുള്ള സിസ്റ്റേഴ്സും സ്കൂളിൽ മദർ പഠിപ്പിച്ച കുട്ടികളും എല്ലാം ഉണ്ടായിരുന്നു. പിന്നെ എല്ലാം അദ്ഭുതകരമായ വേഗത്തിലായിരുന്നു. ആസന്നമരണരെ കിടത്തി പരിചരിക്കാൻ കാളീക്ഷേത്രത്തിന്റെ ഒഴിഞ്ഞുകിടന്ന ഒരു ശാല മുനിസിപ്പാലിറ്റി അമ്മയ്ക്കു നല്കി. മരിക്കുന്നതിനുമുമ്പ് അവരെ സ്നേഹിക്കുന്ന അമ്മയുടെ മുഖം കണ്ടിട്ടു മരിക്കാൻ അവർക്കു കഴിഞ്ഞു.

മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്ന്യാസസഭയും ആരംഭിച്ചു. ബ്രദേഴ്സിന്റെ ഒരു ശാഖയും അതിനുണ്ടായി. ബംഗാളിലും മറ്റു സംസ്ഥാനങ്ങളിലുമെല്ലാം ഇപ്രകാരം പ്രവർത്തനങ്ങൾ ആരംഭിച്ചു. വിദേശരാജ്യങ്ങളിലേക്കും മദറിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു.

തങ്ങളുടെ പരിചരണം ഏറ്റുവാങ്ങുന്ന ഓരോ വ്യക്തിയിലും ഈശോയെ കാണാൻ മദറിനും സഹപ്രവർത്തകർക്കും സാധിച്ചു. നവീൻ ചൗളയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ: "കൽക്കത്തയിലെ തെരുവിൽനിന്നെടുത്തുകൊണ്ടുവന്ന, മുഖത്തിന്റെ പകുതിയും എലികളും ഉറുമ്പും തിന്നുതീർത്ത അനാഥസ്ത്രീയിൽ പരിത്യക്തനായ ക്രിസ്തുവിന്റെ രൂപമാണ് അവർ ദർശിച്ചത്." "കുഷ്ഠരോഗിയുടെ ദുർഗന്ധം വമിക്കുന്ന വ്രണം തേച്ചുകഴുകുന്ന മദറിനെ നോക്കി എത്ര പണം തരാമെന്നു പറഞ്ഞാലും തങ്ങളതിനു തയ്യാറാവില്ല എന്നു പറയുന്നവരോട് 'ഞങ്ങളും തയ്യാറാവുകയില്ല' എന്നാണ് മദറിന്റെ മറുപടി. പക്ഷേ, ദൈവത്തോടുള്ള സ്നേഹത്താൽ പ്രേരിതരായി ഞങ്ങളിതു ചെയ്യുന്നു" (മദർ തെരേസ നവീൻ ചൗള, പേജ് 19&20).

1990 ൽ നൂറിലധികം രാജ്യങ്ങളിലായി 456 കേന്ദ്രങ്ങളിലാണു മിഷനറീസ് ഓഫ് ചാരിറ്റി പ്രവർത്തിച്ചിരുന്നത്. അതു പിന്നെയും വർധിച്ചുകൊണ്ടേയിരുന്നു. 4500 ലധികം സിസ്റ്റേഴ്സാണ് അമ്മയുടെ അതേ ചൈതന്യത്തോടെ ലോകമെമ്പാടും സേവനം ചെയ്തത്.

ഭാഷ അറിയാത്തത് ഒരു പ്രശ്നമല്ലേ എന്ന ചോദ്യത്തിന്, ഒരാസന്നമരണനെ നോക്കി പുഞ്ചിരിക്കാൻ ഒരു ഭാഷയും വേണ്ടല്ലോ എന്നാണ് മദർ പറഞ്ഞിരുന്നത്.

**പുരസ്കാരങ്ങൾ**

1962 മുതൽ മദർ തെരേസയ്ക്ക് അവാർഡുകൾ ലഭിച്ചുതുടങ്ങി. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ശുപാർശപ്രകാരം ഇന്ത്യൻ പ്രസിഡന്റ് പത്മഭൂഷൺ നല്കി ആദരിച്ചു. 1950 ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച മദറിന് ഇന്ത്യൻ ഡിപ്ലോമാറ്റിക് പാസ്പോർട്ട് നൽകി. ഇന്ത്യൻ റെയിൽവേയിൽ സൗജന്യയാത്ര അനുവദിച്ചു. 1980 ൽ ഭാരതത്തിന്റെ പരമോന്നത ബഹുമതിയായ ഭാരതരത്നം സമ്മാനിച്ചു. ഇതിനും പുറമേ ജവർഹലാൽ നെഹ്റുവിന്റെ പേരിലുള്ള അന്തർദേശീയ പുരസ്കാരവും മദറിനു നല്കി. 1997 ൽ മദർ മരിച്ചപ്പോൾ ഐ.കെ. ഗുജ്റാൾ മന്ത്രിസഭയും പശ്ചിമബംഗാൾ ഗവണ്മെന്റും ചേർന്ന് സർവവിധ ബഹുമതികളോടുംകൂടി മദറിന്റെ മൃതസംസ്കാരം നടത്തി.

വി. പോൾ ആറാമൻ പാപ്പായും ജോൺപോൾ രണ്ടാമനും മദർ തെരേസായ്ക്ക് എല്ലാവിധ പ്രോത്സാഹനവും നല്കിയിരുന്നു. ലോകത്തിൽ ലഭിക്കാവുന്ന എല്ലാ പുരസ്കാരങ്ങളും മദറിനെ തേടിയെത്തി. അതെല്ലാം പാവങ്ങൾക്കായി അവരുടെ പേരിൽ ഏറ്റുവാങ്ങി.

1979 ൽ സമാധാനത്തിനുള്ള നൊബേൽസമ്മാനം മദറിനു നല്കിയപ്പോൾ അതുവഴി നൊബേൽ സമ്മാനത്തിന്റെ യശസ്സാണ് ഉയർന്നതെന്ന് നിരീക്ഷകർ പ്രസ്താവിച്ചു. നൊബേൽസമ്മാനം ഏറ്റുവാങ്ങിക്കൊണ്ട് 1979 ഡിസംബർ 10-ാം തീയതി ചെയ്ത പ്രസംഗത്തിൽ മദർ തെരേസ തന്റെ ക്രൈസ്തവിശ്വാസവും ബോധ്യങ്ങളും ഏറ്റുപറഞ്ഞു: "ഇന്ന് സമാധാനത്തിന്റെ ഏറ്റവും വലിയ ധ്വംസകൻ ജനിക്കാൻ അനുവദിക്കപ്പെടാത്ത നിരപരാധികളായ കുഞ്ഞുങ്ങളുടെ നിലവിളിയാണ്. ഒരമ്മയ്ക്ക് അവളുടെ ഗർഭപാത്രത്തിലുള്ള സ്വന്തം കുഞ്ഞിനെ കൊല്ലാമെങ്കിൽ മനുഷ്യർ തമ്മിൽത്തമ്മിൽ കൊല്ലുന്നതിലെന്താണ് അതിശയം? ഗർഭച്ഛിദ്രം നിയമവിധേയമാക്കിയ രാജ്യങ്ങളാണ് ലോകത്തിലേക്കുംവച്ച് ഏറ്റവും ദരിദ്രരാജ്യങ്ങൾ. അവർ ജനിക്കാത്ത കുഞ്ഞിനെ പേടിക്കുന്നു." മദർ തെരേസയെ 2003 ഒക്ടോബർ 19 ന് ജോൺപോൾ രണ്ടാമൻപാപ്പാ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 2016 സെപ്റ്റംബർ 4 ന് ഫ്രാൻസിസ് മാർപാപ്പാ വിശുദ്ധയായും പ്രഖ്യാപിച്ചു.

(അവസാനിച്ചു)

കഥ

ജോർജ് നെയ്യശേരി

# പ്രഹരവഴികൾ

റോയിയുടെ ഭാര്യാസഹോദരൻ ജോർജാണ് ആ വീടെടുത്തു റോയിക്കു നൽകിയത്. വാടക വീടു നോക്കാനായി അളിയൻ വിളിച്ചെങ്കിലും റോയി കാണാനൊന്നും പോയില്ല.

റിട്ടയർ ചെയ്യാൻ ഇനി രണ്ടു വർഷത്തിൽതാഴെയേ ഉള്ളൂ. അതുവരേക്കും എങ്ങനെയുള്ള വീടായാലെന്താ! "അളിയനിഷ്ടപ്പെട്ടെങ്കീ കരാറാക്കിക്കോ" ഇറിഗേഷൻ വകുപ്പുദ്യോഗസ്ഥനായ റോയി പറഞ്ഞു.

വാടകവീടാണെങ്കിലും വസിക്കുന്ന വീടിനു കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്നതിൽ മിടുക്കിയാണ് റോയിയുടെ ഭാര്യ ലിസി. പെരുമാറാൻ എളുപ്പമുള്ള വീടുകളും ബുദ്ധിമുട്ടുള്ള വീടുകളും ഉണ്ടെന്ന കാര്യം ആണുങ്ങൾക്കറിയില്ലെന്നാണ് ലിസി പറയാറ്. അതുകൊണ്ട് മുമ്പ് എടുത്ത വാടകവീടുകളെല്ലാം ലിസികൂടി പോയി കണ്ടു തൃപ്തിപ്പെട്ടിട്ടാണ് എടുത്തത്. ഇതു ലിസിയുടെ സഹോദരൻ ജോർജ് അറിയുന്ന വീടും പരിസരവും ആയതുകൊണ്ടാണ് ലിസി കാണാതെതന്നെ സമ്മതമറിയിച്ചത്.

കിമ്പളം വാങ്ങിക്കാത്തവനും കൃത്യനിഷ്ഠയോടെ ജോലി ചെയ്യുന്നവനുമായ തന്നെ സഹപ്രവർത്തകർ പാരവച്ചാണ് ട്രാൻസ്ഫർ ചെയ്യിക്കുന്നതെന്നു റോയി ഭാര്യയോടു പറയും.

സത്യത്തിൽ ഈ പത്താമത്തെ ട്രാൻസ്ഫറും പണിഷ്മെന്റ് ട്രാൻസ്ഫറാണ്. ഉടായിപ്പിന്റെ ഉസ്താദാണ് അങ്ങേരെന്നു സഹപ്രവർത്തകർ രഹസ്യമായി പറയും.

മക്കൾ രണ്ടും വിദേശത്തായതുകൊണ്ട് റോയിയും ലിസിയും റോയിയുടെ അമ്മ കാതറൈനും മാത്രമാണു വാടകവീട്ടിലേക്കു വന്നത്.

നാലു ചുറ്റും വലിയ വീടുകൾക്കു നടുവിലൊരു കൊച്ചുവീടാണ് തങ്ങളുടേത് എന്നതു റോയിയെ അതൃപ്തനാക്കിയെങ്കിലും അളിയനോടു മറുത്തൊന്നും പറഞ്ഞില്ല. ഇനി അതിന്റെ പേരിലൊരു കശപിശ വേണ്ട.

രണ്ടു സൈഡ്റൂമും കിച്ചണും ഡൈനിങ് റൂമും ഡ്രോയിങ് റൂമുമുള്ള വീടു ലിസിക്കു നന്നേ പിടിച്ചു. അവൾ തൃപ്തിയറിയിച്ച് സഹോദരനെ നോക്കി പുഞ്ചിരിച്ചു. "വലിയ വീടായാൽ എനിക്കു പണികൂടും. തൂത്തും തുടച്ചും എന്റെ സമയം തീരും."

"ഇനി ഇവിടെനിന്നു മോളിലോട്ടു പോയാൽ മതി. സ്വന്തായിട്ട് വല്യ ബംഗ്ലാവുണ്ടെന്നു പറഞ്ഞിട്ടെന്താ കാര്യം. കിടക്കാൻ യോഗം വേണം. ഇതേത്ര വാടകവീടായി. ഞാൻ മടുത്തു."

കാതറൈൻ ആരോടെന്നില്ലാതെ പിറുപിറുത്തു.

മുമ്പൊക്കെ താമസത്തിനു ചെല്ലുന്ന വീടുകളിലെ അയൽക്കാർ ക്ഷേമാന്വേഷണവുമായി വരാറുണ്ടായിരുന്നു. ഇവിടെ ആരെയും കണ്ടില്ല. എല്ലാ വീടുകളുടെയും വാതിലുകളും ജനാലകളും അടഞ്ഞുകിടക്കുകയാണ്.

വെയിലാറിയപ്പോൾ ലിസി മുറ്റത്തേക്കിറങ്ങി. "അത്യാവശ്യം അയൽക്കാരെ പരിചയപ്പെടാം." കൂടെ ചെല്ലാനായി ഭർത്താവിനെ ക്ഷണിച്ചെങ്കിലും അയാൾ നിഷേധാർഥത്തിൽ ചുമൽ കുലുക്കി.

റോയി മൊബൈലിൽ കുത്തിക്കൊണ്ട് സിറ്റൗട്ടിൽ ഇരുന്നു. അസ്തമയമായപ്പോൾ തൊട്ടടുത്ത ഇരുനിലമാളികയിൽനിന്നു ഭാര്യയോടൊപ്പം നിറചിരിയുമായി വരുന്ന മഹിളയെ കണ്ട് റോയിയുടെ കണ്ണുതള്ളി. പിളർന്ന വായോടെ അയാൾ ഒന്നൂടെ നോക്കി.

ഇതു മേഴ്സിതന്നെ.

'മേഴ്സി നമ്മുടെ അടുത്ത നാട്ടുകാരിയാ. നിങ്ങടെ കോളജിലാ മേഴ്സിയും പഠിച്ചത്. കണ്ടിട്ടുണ്ടോ?' എന്ന ഭാര്യയുടെ ചോദ്യത്തിന് അയാൾ നിഷേധാർഥത്തിൽ തല ചലിപ്പിച്ചു.

ഊറിയ ചിരിയുമായി അകത്തേക്കു പോകുന്ന മേഴ്സിയെ നോക്കി അയാൾ അമ്പരപ്പോടെ നിന്നു. മനസ്സിന്റെ കണക്കുപുസ്തകം തുറന്ന് പരിശോധിച്ചു. താൻ പ്രേമിച്ച നാലാമത്തെ പെണ്ണാണ് മേഴ്സി.

കോളജിൽ പഠിക്കുമ്പോൾ അവൾ ഇത്രയും സുന്ദരിയായിരുന്നില്ല. അവളുടെ വീടും സാഹചര്യങ്ങളും അറിയാനിടയായപ്പോൾ സ്ത്രീധനമായി കാൽകാശിനു വകയില്ലെന്നു കണ്ടാണ് അവളെ വേണ്ടെന്നുവച്ചത്.

മേഴ്സി തനിയെയാണ് ആ വീട്ടിൽ താമസമെന്നും ആറുമാസം കഴിഞ്ഞ് അവൾ ഭർത്താവിന്റെയും മക്കളുടെയും അടുത്തേക്കു പോകുമെന്നും കിടക്കാൻനേരത്ത് ലിസി അയാളോടു പറഞ്ഞു. അവർ കാനഡയിലാണത്രേ.

റോയിയുടെമനസ്സിൽ ആഹ്ലാദം നുരഞ്ഞുപൊന്തി.

അളിയനേതായാലും നല്ല വീടുതന്നെയാണ് കണ്ടെത്തിതന്നത്. താങ്ക് യൂ അളിയാ...

ലിസി പെട്ടെന്നു മേഴ്സിയുമായി സൗഹൃദത്തിലായി. ലിസിയുടെ പ്രകൃതം അങ്ങനെയാണ്. വിശേഷങ്ങളോടൊപ്പം വിശേഷവിഭവങ്ങളും അവർ കൈമാറിക്കൊണ്ടിരുന്നു.

ചാച്ചന് അസുഖം കൂടുതലാണെന്നറിയിച്ചുകൊണ്ട് വീട്ടിൽനിന്നു ലിസിക്കു ഫോൺ വരുന്നത് ഒരു മധ്യാഹ്നത്തിലാണ്. അവൾ പെട്ടെന്നു യാത്രയ്ക്കൊരുങ്ങി.

ലിസി മേഴ്സിയോടു വിവരങ്ങൾ പറഞ്ഞു.

"രണ്ടു ദിവസത്തേക്കു വേണ്ടുന്ന സാധനങ്ങളൊക്കെ ഫ്രിഡ്ജിൽ ഇരിപ്പുണ്ട്. അമ്മയ്ക്കും മകനും അതുമതി. പിന്നെ അമ്മയ്ക്കിത്രയും പ്രായമായതല്ലേ, എന്തെങ്കിലും വിഷമം ഉണ്ടാകുന്നുണ്ടോ എന്നു ശ്രദ്ധിച്ചേക്കണേ."

എല്ലാറ്റിനും മേഴ്സി സമ്മതമറിയിച്ചു. "ഇവിടുത്തെ കാര്യങ്ങളൊന്നും ഒരു കുറവും വരാതെ ഞാൻ നോക്കിക്കോളാം."

ചാച്ചന്റെ അസുഖവിവരം ലിസി റോയിയെ അറിയിച്ചു.

"മേശപ്പുറത്ത് മേഴ്സിയുടെ ഫോൺ നമ്പർ എഴുതിവച്ചിട്ടുണ്ട്. അമ്മയ്ക്കെന്തെങ്കിലും മേലായ്ക വന്നാൽ സഹായത്തിന് മേഴ്സി വരും."

"അയ്യോ, ചാച്ചനു കൂടുതലാണെങ്കീ നീ ഓടിപ്പിടിച്ച് ഇങ്ങോട്ടു വരികയൊന്നും വേണ്ട. അവിടെത്തന്നെ നിന്നോ. അമ്മ മരിച്ചപ്പോ നിന്നെ സമയത്തിനു വിട്ടില്ല എന്നും പറഞ്ഞ് നീ എന്നോട് എത്രപ്രാവശ്യം പരാതി പറഞ്ഞിരിക്കുന്നു. ഇവിടുത്തെ കാര്യങ്ങൾ ഞാൻ മാനേജു ചെയ്തോളാം."

ലിസി ആശ്വാസമുതിർത്തു.

"മനുഷ്യനു മാറ്റംവരാൻ ഒത്തിരി സമയമൊന്നും വേണ്ടാ."

റോയിയുടെ മുഖത്തൊരു ചിരി വിരിഞ്ഞു. "ഉച്ചകഴിഞ്ഞു ലീവാക്കി വീട്ടിൽപ്പോയാലോ?"

പിന്നീട് ഒരുവിധത്തിൽ ഓഫീസ് ടൈം കഴിയുവോളം പിടിച്ചുനിന്നു.

ചെല്ലുമ്പോഴേക്കും അമ്മയ്ക്കെന്തെങ്കിലും മേലായ്ക വരണേ എന്നു തീവ്രമായി അഭിലഷിച്ചുകൊണ്ടാണ് അയാൾ ഓഫീസ് വിട്ടത്.

വീട്ടിലെത്തി ഡ്രസ് ചേഞ്ചു ചെയ്യുന്നതിനു മുന്നേ അയാൾ അമ്മയുടെ അടുത്തെത്തി.

"അമ്മയ്ക്കെന്തെങ്കിലും മേലായ്ക ഉണ്ടോ?" അയാൾ സങ്കോചത്തോടെ തിരക്കി.

"ഇന്നെന്താ ഇത്ര പ്രത്യേകത. അമ്മ ചത്തോന്ന് അറിയാൻ പോലും മുറിക്കകത്തു കേറാത്തവനാ. അന്വേഷിക്കാൻ വന്നിരിക്കണ്."

അയാൾ മറുപടിയൊന്നും പറയാതെ മിടയിറക്കി.

''അടുത്ത വീട്ടിലെ ആ പെങ്കൊച്ച് എനിക്കു ഭക്ഷണോം മരുന്നും തന്നേച്ചാ പോയത്. നല്ല മരുമകളെ കിട്ടാനും യോഗം വേണം. നിനക്കുള്ളത് മേശപ്പുറത്തു വച്ചിട്ടുണ്ട്. പോയി കഴിച്ചോ."

ഡൈനിങ്റൂമിലെ മേശപ്പുറത്തിരിക്കുന്ന മേഴ്സിയുടെ ഫോൺ നമ്പർ എഴുതിയ കടലാസ് അയാളെ മാടിവിളിച്ചു.

മേഴ്സിയുടെ ഫോൺ നമ്പർ ഒറ്റനോട്ടത്തിൽ അയാൾ മനസ്സിൽ കുറിച്ചു.

കുളി കഴിഞ്ഞുവന്ന് ചൂടാറാപ്പെട്ടിയിലിരിക്കുന്ന ചപ്പാത്തിയും ബീഫും കഴിക്കുമ്പോൾ അയാൾ മേഴ്സിയുടെ പാചകകലയെ ഓർത്ത് ആശ്ചര്യപ്പെട്ടു.

വീണ്ടും അയാൾ അമ്മയുടെ മുറിയിലെത്തി.

അമ്മ കണ്ണടച്ചുകിടക്കുകയാണ്.

അയാൾ മുരടനക്കിയപ്പോൾ അമ്മ കണ്ണുകൾ തുറന്നു.

"എന്താടാ?"

കാതറൈൻ ഈർഷ്യയോടെ ആരാഞ്ഞു.

''അമ്മയ്ക്കെന്തെങ്കിലും വയ്യായ്ക..."

'ഏയ്. ഇവൻ എന്നെ ഒറങ്ങാനും സമ്മതിക്കില്ലല്ലോ... പോയിക്കിടന്ന് ഒറങ്ങടാ..."

കാതറൈന്റെ ശാസനയിൽ അയാൾ പെട്ടെന്നു മുറിയിൽനിന്നു പുറത്തുചാടി.

റോയി സ്വീകരണമുറിയിൽ വന്നിരുന്ന് മൊബൈലിൽ കണ്ണുകൾ നട്ടു.

ക്ലോക്കിൽ മണി ഒൻപതടിച്ചു.

അമ്മയുടെ കൂർക്കംവലി കേൾക്കാം.

ഇനി എന്താണൊരു വഴി? മേഴ്സിയെ ഇങ്ങോട്ടു വരുത്താൻ എന്താണൊരു മാർഗം?

അവസരങ്ങൾ പ്രയോജനപ്പെടുത്താത്തവർ വിഡ്ഢിയാണെന്ന് അയാളുടെ മനസ്സിലിരുന്ന് ഒരുവൻ മന്ത്രിച്ചു.

രണ്ടും കല്പിച്ച് അയാൾ മേഴ്സിക്കു ഫോൺ ചെയ്തു. അയാളുടെ ശബ്ദം പതറി.

"അമ്മയ്ക്കെന്തോ മേലായ്കപോലെ. ഒന്നിങ്ങുവരുവോ."

വിളിക്കായി കാത്തിരുന്നപോലെ മേഴ്സി പെട്ടെന്ന് എത്തി.

കൂർക്കംവലിച്ചുറങ്ങുന്ന കാതറൈനെ കണ്ട് മേഴ്സി റോയിയുടെ കണ്ണുകളിലേക്കു നോക്കി.

"എന്തോ ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ഇപ്പോ ഒറങ്ങിപ്പോയതാ..." അയാൾ വിക്കി.

അവൾ അയാളെ നോക്കി പുഞ്ചിരി തൂകി.

റോയി ആശ്വാസമുതിർത്തു.

മേഴ്സി ഡ്രോയിങ്റൂമിലേക്കു നടന്നപ്പോൾ അയാൾ പിന്നാലെയെത്തി.

"സത്യംപറയാമല്ലോ. ഞാൻ മേഴ്സിയെ കാണാനാ അമ്മയ്ക്കു മേലായ്കയാണെന്നു പറഞ്ഞത്."

''ഞാനും ഒറ്റയ്ക്കൊന്നു കാണാൻ കാത്തിരിക്കുകയായിരുന്നു" മൃദുസ്മേരത്തോടെ മേഴ്സി റോയിയുടെ അടുത്തേക്കു നീങ്ങി.

അയാൾ അവിശ്വസനീയതയോടെയും ആഹ്ലാദത്തോടെയും അവളെ നോക്കി.

"വിധിയാ നമ്മളെ വീണ്ടും കൂട്ടിമുട്ടിച്ചത്"

അയാൾ അവളുടെ തോളിൽ കൈവച്ചു.

മേഴ്സി കൈവീശി ആഞ്ഞൊന്നു കൊടുത്തു, അയാളുടെ ചെകിട്ടത്ത്. അപ്രതീക്ഷിതപ്രഹരത്തിൽ അയാൾ വേച്ചുപോയി. റോയിയുടെ കണ്ണുകളിൽനിന്നു പൊന്നീച്ച പറന്നു!

അവൾ മണിച്ചിത്രത്താഴിലെ നാഗവല്ലിയായി.

"വർഷങ്ങൾക്കുമുമ്പ് നിനക്കു തരാൻ കാത്തുവച്ചിരുന്നതാ ഇപ്പോ തന്നത്. തത്കാലം ഇതുമതി. നീ കാരണമാ എനിക്കു നല്ലൊരു ഭർത്താവിനെ കിട്ടിയത്... നീയെങ്ങാനും എന്നെ കെട്ടിയിരുന്നെങ്കീ... ഓ എനിക്കതു ചിന്തിക്കാൻകൂടി വയ്യ."

അവൾ പടിയിറങ്ങിപ്പോയപ്പോൾ അയാൾ കവിൾ തടവി.

■



# മലയാളസാഹിത്യനിരൂപണത്തിലെ മാതൃസ്വരം



ശ്രീദേവി പി.

സാഹിത്യനിരൂപിക, എഴുത്തുകാരി, പ്രഭാഷിക, അധ്യാപിക എന്നീ നിലകളിൽ മലയാളസാഹിത്യത്തിലെ സജീവസാന്നിധ്യമായ ലീലാവതി ടീച്ചർ 97-ാം വയസ്സിലേക്ക്.

മലയാള സാഹിത്യനിരൂപണത്തിൽ ഇന്നോളം ശക്തമായി മുഴങ്ങിക്കേട്ട ഒരു സ്ത്രീസ്വരം ഡോ. എം. ലീലാവതിയുടേതാണ്. പാരമ്പര്യത്തിൽനിന്ന് ഊർജം സംഭരിക്കുകയും ലാവണ്യശാസ്ത്രപരമായ അന്വേഷണങ്ങളിലൂടെ പൂർണതയിലെത്തുകയും ചെയ്യുന്ന സവിശേഷമായ നിരൂപണശൈലിയെ പരിപോഷിപ്പിക്കുകയായിരുന്നു ലീലാവതി ടീച്ചർ ചെയ്തത്.

ഭാവനാജീവിതമെന്നു വിശേഷിപ്പിച്ചുപോരുന്ന കവിതയിൽ യുക്തിനിഷ്ഠമായ ഭൗതികവീക്ഷണവും ശാസ്ത്രതത്ത്വങ്ങളും അന്വേഷിച്ചുകൊണ്ടാണ് എം. ലീലാവതി മലയാളനിരൂപണരംഗത്തു പ്രത്യക്ഷപ്പെട്ടത്. സി.ജി. യുങ്ങിന്റെ സമൂഹമനഃശാസ്ത്രമാണ് ലീലാവതിയുടെ മനഃശാസ്ത്രപഠനങ്ങൾക്ക് അടിസ്ഥാനം. വ്യക്തിക്കെന്നപോലെ സമൂഹത്തിനും ബോധമനസ്സും അബോധമനസ്സും ഉണ്ടെന്നും സമൂഹബോധമനസ്സിന്റെ ഉള്ളടക്കം ആദിരൂപങ്ങളാണെന്നും അവയെ പൊതിഞ്ഞുനിൽക്കുന്ന കഥകളാണ് മിത്ത് എന്നുമാണ് ഈ കണ്ടെത്തൽ.

പൗരാണികമായ പ്രമേയങ്ങളുടെ പുനർവായനകളിൽ ആ കൃതികളുടെ സ്ത്രീപക്ഷവായനകൾക്കും വീക്ഷണങ്ങൾക്കും ഡോ. എം. ലീലാവതി പ്രാധാന്യം നല്കിയിരുന്നു. കഥാപാത്രങ്ങളുടെ സാമൂഹികപശ്ചാത്തലം, സാംസ്കാരികസന്ദർഭങ്ങൾ, വ്യക്തി എന്ന നിലയിലുള്ള ആന്തരികസംഘർഷങ്ങൾ എന്നിവയൊക്കെ നിരൂപണത്തിൽ ഉൾക്കൊള്ളിക്കുന്ന ശൈലിയും അവരുടെ പ്രത്യേകതയാണ്. ഇത് ഒരേസമയം ലാവണ്യശാസ്ത്രപരവും സൈദ്ധാന്തികവുമായ സവിശേഷതകളെ ഇണക്കിച്ചേർക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്.

അധ്യാപനമേഖലയിലെ അനുകരണീയമായ ശൈലിക്കുടമയായ ലീലാവതി, കാവ്യനിരൂപണമേഖലയിലെ പുനർവായനകളിലൂടെ കൃതികളുടെ കാലാതീതമായ ആന്തരികലോകത്തെ വീണ്ടെടുക്കുകയായിരുന്നു. പക്വവും പ്രസന്നവുമായ ഈ നിരൂപണരീതിയിൽ മാതൃത്വത്തിന്റെ വാത്സല്യവും സ്ത്രീത്വത്തിന്റെ ഉൾക്കരുത്തും ഒരുപോലെ സമന്വയിക്കപ്പെട്ടിരിക്കുന്നു.



*ഡോ. എം. ലീലാവതി*

സാഹിത്യഗവേഷണപഠനങ്ങളിലും മനഃശാസ്ത്രപഠനങ്ങളിലും സാമൂഹികശാസ്ത്രവിശകലനങ്ങളിലും സ്ത്രീപക്ഷചിന്തകൾ ഇണക്കിച്ചേർത്തുകൊണ്ട് പുതുഭാവുകത്വത്തോടു സംവദിക്കുന്ന രീതി എം. ലീലാവതിയുടെ പ്രത്യേകതകളിലൊന്നാണ്. 1950 കളിൽത്തന്നെ എഴുത്തുകാരി എന്ന നിലയിൽ ശ്രദ്ധേയയായ എം. ലീലാവതി, മലയാളകവിതയിലെ പ്രാചീനവും ആധുനികവുമായ കാവ്യലോകത്തെ സാംസ്കാരികലോകത്തിനു പരിചയപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിച്ച നിരൂപികയാണ്.

1927 സെപ്തംബർ 16 ന് ഗുരുവായൂരിനടുത്തുള്ള കോട്ടപ്പടിയിൽ ജനിച്ചു. കഴുങ്കമ്പിള്ളി കുഞ്ഞുണ്ണി നമ്പിടിയുടെയും മുണ്ടനാട്ട് നങ്ങയ്യമാണ്ടലിന്റെയും മകളാണ്. കുന്നംകുളം ഹൈസ്കൂൾ, എറണാകുളം മഹാരാജാസ് കോളജ്, മദ്രാസ് സർവകലാശാല, കേരള സർവകലാശാല എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. 1949 മുതൽ സെന്റ് മേരീസ് കോളജ് തൃശൂർ, സ്റ്റെല്ല മാരീസ് കോളജ് ചെന്നൈ, പാലക്കാട് ഗവ. വിക്ടോറിയ കോളജ്, മഹാരാജാസ് കോളജ്, തലശ്ശേരി ബ്രണ്ണൻ കോളജ് മുതലായ വിവിധ കലാലയങ്ങളിൽ അധ്യാപികയായിരുന്നു. തലശ്ശേരി ബ്രണ്ണൻ കോളജിൽനിന്ന് 1983 ൽ വിരമിച്ചു. കുറച്ചുകാലം കോഴിക്കോട് സർവകലാശാലയിൽ വിസിറ്റിങ് പ്രൊഫസറായി സേവനമനുഷ്ഠിച്ചു.

സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ് (1976), ഓടക്കുഴൽ അവാർഡ് (1978), കേരള സാഹിത്യ അക്കാദമി അവാർഡ് (1980), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1987), വയലാർ രാമവർമ അവാർഡ്(2007), സി.ജെ. തോമസ് സ്മാരക അവാർഡ്(1989), നാലാപ്പാടൻ അവാർഡ് (1994), എൻ.വി. കൃഷ്ണവാര്യർ അവാർഡ്(1994), ലളിതാംബിക അന്തർജനം അവാർഡ്(1999), പത്മപ്രഭാപുരസ്കാരം (2001), പത്മശ്രീപുരസ്കാരം (2008), വി.കെ. നാരായണ ഭട്ടതിരിപ്പാട് മെമ്മോറിയൽ അവാർഡ് (2010), സമസ്ത കേരള സാഹിത്യപരിഷത് അവാർഡ് (2010), എഴുത്തച്ഛൻ പുരസ്കാരം (2010), മാതൃഭൂമി സാഹിത്യപുരസ്കാരം (2012), ശൂരനാട് കുഞ്ഞൻപിള്ള പുരസ്കാരം (2015), വിവർത്തനത്തിനുള്ള 2019 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം തുടങ്ങി ഒട്ടേറെ ബഹുമതികളാണ് ലീലാവതി ടീച്ചറിനെ തേടിയെത്തിയത്.

ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഒരു പഠനം, അപ്പുവിന്റെ അന്വേഷണം, വർണരാജി, അമൃതമശ്നുതേ, കവിതാരതി, നവതരംഗം, വിശ്വോത്തരമായ വിപ്ലവേതിഹാസം, മഹാകവി വള്ളത്തോൾ, ശൃംഗാരചിത്രണം - സി.വിയുടെ നോവലുകളിൽ, ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങൾ, ഫ്ളോറൻസ് നൈറ്റിംഗേൽ, അണയാത്ത ദീപം, മൗലാനാ അബ്ദുൾ കലാം ആസാദ്, മഹാകവി ജി. ശങ്കരക്കുറുപ്പ് (ഇംഗ്ലീഷ് കൃതി), ഇടശ്ശേരി ഗോവിന്ദൻ നായർ (ഇംഗ്ലീഷ് കൃതി), കവിതയും ശാസ്ത്രവും, കണ്ണീരും മഴവില്ലും, നവരംഗം, വിശ്വോത്തരമായ വിപ്ലവേതിഹാസം, ജിയുടെ കാവ്യജീവിതം, മലയാള കവിതാസാഹിത്യ ചരിത്രം, കവിതാധ്വനി, സത്യം ശിവം സുന്ദരം, ശൃംഗാരാവിഷ്കരണം സി വി കൃതികളിൽ, ഉണ്ണിക്കുട്ടന്റെ ലോകം, നമ്മുടെ പൈതൃകം, ബാലാമണിയമ്മയുടെ കവിതാലോകങ്ങൾ, ഭാരതസ്ത്രീ, അക്കിത്തത്തിന്റെ കവിത തുടങ്ങിയവയാണ് പ്രധാനകൃതികൾ. ■

# അയൽബന്ധങ്ങളിൽ അപ്രതീക്ഷിതനീക്കങ്ങൾ

*1-ാം പേജ് തുടർച്ച*

**ബാഹ്യശക്തികളുടെ ഇടപെടലോ?**

മ്യാന്മറിൽനിന്നുള്ള നുഴഞ്ഞുകയറ്റക്കാരനെ അറസ്റ്റുചെയ്തതോടെ മണിപ്പൂർ പ്രശ്നത്തിൽ ബാഹ്യശക്തികളുടെ ഇടപെടലുണ്ടെന്ന കാര്യം മുഖ്യമന്ത്രി ബിരേൻ സിങ് പരസ്യമായി പ്രഖ്യാപിക്കുകയും അസം റൈഫിൾസിനെ അഭിനന്ദിക്കുകയും ചെയ്തു. ബാഹ്യശക്തികളുടെ ഇടപെടൽ സംശയിക്കാൻ മറ്റു പല കാര്യങ്ങളുമുണ്ട്.

കലാപം ഭീകരാക്രമണത്തിന്റെ തലത്തിലേക്കു മാറും വിധം റോക്കറ്റ് പ്രോപ്പൽഡ് ഗ്രനേഡുകളും രൂപമാറ്റം വരുത്തിയ ഡ്രോൺ ഉപയോഗിച്ചുള്ള ബോംബാക്രമണങ്ങളും വ്യാപകമാകുന്നു. ഈ ആയുധങ്ങളൊന്നും മണിപ്പൂരിൽ നിർമിച്ചിട്ടുള്ളവയല്ല. മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടു സമരം ചെയ്യുന്ന വിദ്യാർഥികളുമായി ഗവർണർ ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങൾ പരിഗണിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടും അവർ സമരത്തിൽനിന്നു പിന്മാറാത്തതും സംസ്ഥാന ഡിജിപി രാജീവ് സിങ്ങിനെയും കേന്ദ്രസുരക്ഷാസേനയുടെ ഉപദേഷ്ടാവ് കുൽദീപ് സിങ്ങിനെയും മാറ്റണമെന്ന കലാപകാരികളുടെ ശക്തമായ ആവശ്യവും മണിപ്പൂർ കലാപത്തിന് ബംഗ്ലാദേശ് കലാപത്തിന്റെ ചുവ നൽകുന്നു.

**അമേരിക്കൻ ഡീപ് സ്റ്റേറ്റോ?**

മണിപ്പൂരിലെ തൽസ്ഥിതിക്കൊപ്പം ബംഗ്ലാദേശിന്റെകൂടി ചേർത്തുവായിക്കുമ്പോൾ മറ്റൊരു ചിത്രം നമ്മുടെ മുമ്പിൽ തെളിയും. അമേരിക്ക തങ്ങളെ സഹായിക്കുമെന്ന് ബംഗ്ലാദേശ് പ്രസിഡന്റിന്റെ പ്രഖ്യാപനവും ഇന്ത്യയ്ക്കെതിരേ ബംഗ്ലാദേശ് - ചൈന - പാക്കിസ്ഥാൻ സഖ്യം ഉണ്ടാവണമെന്ന ജമാ അത്തെ ഇസ്ലാമിയുടെ ആഹ്വാനവും അത്ര നിസ്സാരമല്ല. ബംഗ്ലാദേശ് കലാപത്തിനുപിന്നിൽ അമേരിക്കയാണെന്ന് അന്താരാഷ്ട്രമാധ്യമങ്ങൾ തെളിവുസഹിതം റിപ്പോർട്ടു ചെയ്തുകഴിഞ്ഞു. ആ നിലയിൽ ബംഗ്ലാദേശിന്റെ ചിറ്റഗോങ് മേഖലയും മണിപ്പൂരിലെ കുക്കി ഭൂരിപക്ഷപ്രദേശവും മിസോറാമും മ്യാന്മറിന്റെ ബഹുഭൂരിപക്ഷപ്രദേശവും ചേർന്നൊരു കുക്കിരാഷ്ട്രത്തിന് അമേരിക്ക സഹായം ചെയ്യുന്നുവെന്ന ആരോപണത്തിൽ കഴമ്പില്ലാതെയില്ല. ബംഗ്ലാദേശിൽ ഒരു വ്യോമതാവളവും നാവികത്താവളവും സ്ഥാപിക്കാൻ ഖാലിദ സിയയുടെ ബി.എൻ.പിയുമായി അമേരിക്ക കരാർ ഉറപ്പിച്ചുവെന്ന രാജ്യഭ്രഷ്ടയായ ഷെയ്ക്ക് ഹസീനയുടെ ആരോപണം സത്യമെന്നുവേണം കരുതാൻ. ഇന്ത്യയ്ക്കെതിരേ പൊരുതുന്ന ഖാലിസ്ഥാൻ തീവ്രവാദികൾക്കും ഇസ്ലാമികഭീകരർക്കും മ്യാന്മർ കലാപകാരികൾക്കും പണവും ആയുധവും പരിശീലനവും നൽകുന്നത് പാക്കിസ്ഥാനാണെങ്കിലും അമേരിക്കയുടെ അറിവും സാമ്പത്തികസഹായവുമില്ലാതെ അവർക്ക് അതു സാധിക്കില്ല. മോദി ഗവൺമെന്റിനെ താഴെയിറക്കാൻ എത്ര ബില്യൺ ഡോളർ വേണമെങ്കിലും താൻ ചെലവഴിക്കുമെന്ന ജോർജ് സോറസിന്റെ പ്രസ്താവന ഇതോടു ചേർത്തുവായിക്കാം.

**അയൽബന്ധങ്ങളിൽ അപ്രതീക്ഷിതനീക്കങ്ങൾ**

മണിപ്പൂരിലെ പ്രശ്നങ്ങൾക്കു പിന്നിലെ വിഘടനവാദസംഘടനകൾക്ക് ചൈനയുടെ സഹായമുണ്ടെന്ന പ്രചരണം ഭാഗികമായി ശരിയായിരുന്നുവെങ്കിലും ബംഗ്ലാദേശിലെ അട്ടിമറിയും അമേരിക്കൻ ഡീപ് സ്റ്റേറ്റ് പ്രവർത്തനങ്ങളും അവരുടെ സൈനികതാത്പര്യങ്ങളും ചൈനയെയും ഇന്ത്യയെയും മാറ്റിച്ചിന്തിപ്പിച്ചിരിക്കുകയാണ്. ഇന്ത്യ - ചൈന സൈനികപ്പോരിനു സാക്ഷ്യംവഹിച്ച ഗാൽവൻ കുന്നുകളടക്കം 75 ശതമാനം അതിർത്തിത്തർക്കങ്ങളും ഇരുരാജ്യങ്ങളും അടിയന്തരചർച്ചകളിലൂടെ പരിഹരിച്ചുവെന്ന് പ്രഖ്യാപിച്ച ചൈന, ലഡാക്കടക്കം നാല് അതിർത്തി മേഖലകളിൽനിന്ന് സൈന്യത്തെ പിൻവലിക്കുകയും ചെയ്തുവെന്നത് പുതിയ സഖ്യത്തിന്റെ നാന്ദികുറിക്കലായി. ഇന്ത്യ - ചൈന സംയുക്തസൈനികാഭ്യാസം നടക്കാൻപോകുന്നുവെന്ന അസാധാരണവാർത്ത ലോകത്തിന്, പ്രത്യേകിച്ച് അമേരിക്കയ്ക്കും നാറ്റോരാഷ്ട്രങ്ങൾക്കും ഒരു വലിയ സന്ദേശമാണു നൽകുന്നത്. റഷ്യ - യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് റഷ്യയ്ക്കുമേൽ നാറ്റോരാഷ്ട്രങ്ങൾ ഏർപ്പെടുത്തിയ ഉപരോധം വകവയ്ക്കാതെ ഇന്ത്യ റഷ്യയിൽനിന്നു വൻതോതിൽ ഇന്ധനം വാങ്ങിക്കൂട്ടുന്നതിലും റഷ്യയുമായുള്ള സൗഹൃദം തുടരുന്നതിലും അസംതൃപ്തരായ നാറ്റോരാഷ്ട്രങ്ങളുടെ പിന്നണിക്കളികളും ബംഗ്ലാദേശിലടക്കം കാണാം.

സ്വാതന്ത്ര്യാനന്തരം മാറിമാറിവന്ന സർക്കാരുകളൊന്നുംതന്നെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ വികസനത്തിന് ഊന്നൽ നൽകിയില്ലെന്നത് വിഘടനവാദത്തിന്റെ വളർച്ചയ്ക്കു വഴിതെളിച്ചുവെന്നതാണു സത്യം. ബാഹ്യശക്തികൾക്കു രാജ്യത്തിനുള്ളിൽ അരാജകത്വം സൃഷ്ടിക്കാനുള്ള അവസരങ്ങൾ നാംതന്നെ ഇതുവഴി നൽകി. എന്നാൽ, കഴിഞ്ഞ പത്തു വർഷമായി നരേന്ദ്രമോദിസർക്കാർ ഇക്കാര്യത്തിൽ ഏറെ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നു പറയാതെ വയ്യ. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുള്ളവർ ചൈനീസ് ജീവിതശൈലി പിന്തുടരുന്നെങ്കിലും ഇന്ത്യൻദേശീയതയെ നെഞ്ചോടു ചേർത്തവരാണ്. കുക്കികളടക്കമുള്ളവർ ഇന്ത്യൻ സേനയിൽ ഗൂർഖാ റെജിമെന്റിന്റെ ഭാഗമാണ്. കലാപം അടിച്ചൊതുക്കാനായി സ്വന്തം ജനതയെ വെടിവെച്ചുകൊല്ലാൻ സൈന്യത്തിനോ, അതിനുത്തരവിടാൻ ഭരണകൂടത്തിനോ കഴിയില്ല എന്നതാണ് അടിസ്ഥാനപ്രശ്നം. ■

# ജനസംഖ്യ ഒരു ബാധ്യതയല്ല, സാധ്യതയാണ്

*(1-ാം പേജ് തുടർച്ച)*

കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിന്റെ സ്ഥിതിയും വിഭിന്നമല്ല എന്നു കാണാം. 2021 ലെ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുപ്രകാരം കേരളത്തിലെ ഫെർട്ടിലിറ്റി റേറ്റ് 1.5 ആയിരുന്നു. കുറെ വർഷങ്ങളായി ഇതു കുറഞ്ഞുവരുന്നതായി ഈ റിപ്പോർട്ടു പറയുന്നു (2020 ൽ 1.56, 2019 ൽ 1.68, 2018 ൽ 1.72). ഈ നില തുടരുകയാണെങ്കിൽ കേരളത്തിന്റെ ഭാവിയും ആശങ്കാജനകമാണെന്നു കാണാൻ കഴിയും.

**"സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ"**

ദൈവം മനുഷ്യനു നൽകിയ ആദ്യത്തെ അനുഗ്രഹം ഉത്പത്തിപ്പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ. 1:28). കുട്ടികൾ ദൈവത്തിന്റെ ദാനമായി ഇസ്രയേൽജനം കണ്ടിരുന്നു. കൂടാതെ, സന്താനപുഷ്ടി ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളായി അവർ പരിഗണിച്ചിരുന്നു. "ഞാൻ നിങ്ങളെ കടാക്ഷിക്കുകയും സന്താനപുഷ്ടി നൽകി നിങ്ങളെ വർധിപ്പിക്കുകയും ചെയ്യും." (ലേവ്യ. 26:9). അതോടൊപ്പം, സന്താനരഹിതരായവർ ദൈവാനുഗ്രഹം പ്രാപിച്ച് കുട്ടികൾക്കു ജന്മം നല്കുന്നത് ബൈബിളിൽ പലയിടത്തും കാണുന്നുണ്ട്. (ഉത്പ. 25:21, ഉത്പ 29:31, ന്യായ. 30:22, 1 സാമു.1).

**ജീവൻ ഒരു ഭീഷണി?**

മനുഷ്യജീവനെ തുറന്ന മനസ്സോടെ സ്വാഗതം ചെയ്തിരുന്ന ഒരു ലോകക്രമത്തിൽനിന്ന്, ജീവനെ ഒരു ഭീഷണിയായി കാണാൻ തുടങ്ങിയത് രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ മാറ്റങ്ങളെത്തുടർന്നാണ്. യുദ്ധത്തിനുശേഷം ലോകമെമ്പാടും ജനസംഖ്യയിൽ വലിയ ഒരു കുതിച്ചുചാട്ടം ഉണ്ടായി (baby boom). തോമസ് മാൽത്തൂസ് എന്ന ഇംഗ്ലീഷ് സാമ്പത്തികശാസ്ത്രജ്ഞൻ An Essay on the Principle of Population എന്ന പുസ്തകത്തിലൂടെ മുന്നോട്ടുവച്ച ജനസംഖ്യാതിയറി പാശ്ചാത്യനാടുകളിൽ ഈ ഘട്ടത്തിൽ പെട്ടെന്നു പ്രചാരം നേടി. ഈ തിയറി പ്രകാരം ലോകജനസംഖ്യ സമഗുണിതശ്രേണിയിൽ (Geometric Progression: 1,2,4,8,16,...) പെരുകുമ്പോൾ അവർക്കാവശ്യമായ വിഭവങ്ങൾ സമാന്തരശ്രേണിയിൽ (Arithmatic Progression: 1,2,3,4,5...) വളരെ പരിമിതമായിമാത്രമേ ഉയരുകയുള്ളൂ. ഇപ്രകാരം, ജനങ്ങൾക്ക് ആവശ്യമുള്ള വിഭവങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയാതെ വരുന്നതുമൂലം ആളുകൾ കൊടിയ ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തും എന്നതായിരുന്നു മാൽത്തൂസിയൻ തിയറി. ഇതിനു ചുവടുപിടിച്ച് അമേരിക്കയിലുള്ള എർലിച്ച് ദമ്പതികൾ എഴുതിയ ജനസംഖ്യാബോംബ് (The Population Bomb) എന്ന കൃതി പാശ്ചാത്യലോകത്ത് വളരെ ഭീതി ജനിപ്പിച്ചു. അടുത്ത പത്തുവർഷത്തിനുള്ളിൽ കോടിക്കണക്കിന് ആളുകൾ പട്ടിണിമൂലം മരിക്കുമെന്നും, ഇതിനൊരു പ്രതിവിധിയായി മൂന്നാം ലോകരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ജനനനിയന്ത്രണം കർശനമായി നടപ്പാക്കണമെന്നും ഈ പുസ്തകത്തിലൂടെ ഇവർ ആഹ്വാനം ചെയ്തു. "ഇന്ത്യയിൽ മൂന്നു കുട്ടികളിൽ അധികമുള്ള എല്ലാ ആണുങ്ങളെയും നിർബന്ധമായും വന്ധ്യംകരിക്കേണ്ടതാണ്" ഇവർ ആവശ്യപ്പെട്ടു. ഇതോടൊപ്പം, ആ സമയത്ത് ശക്തി പ്രാപിച്ച ഫെമിനിസ്റ്റ് ആശയങ്ങളും കൃത്രിമഗർഭനിരോധനഗുളികകളുടെ കണ്ടുപിടിത്തവും ജനനനിയന്ത്രണപ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി.

**കർശന ജനനനിയന്ത്രണപദ്ധതികൾ**

ജനസംഖ്യ ഈ രീതിയിൽ പെരുകിയാൽ ലോകത്തിന്റെ നിലനില്പുതന്നെ അപകടകരമായിത്തീരുമെന്ന ആശങ്ക ലോകം മുഴുവൻ പടർന്നു. ഇതുമൂലം, വികസിതരാഷ്ട്രങ്ങൾ ജനനനിയന്ത്രണത്തിനുവേണ്ടി ധാരാളം പണമൊഴുക്കാൻ ആരംഭിച്ചു. അതോടൊപ്പം, പാശ്ചാത്യനാടുകളിൽ കുറഞ്ഞുവരുന്ന ജനനനിരക്കുമൂലം ഭാവിയിൽ തങ്ങളുടെ അധീശത്വം നഷ്ടപ്പെടുമോ എന്ന ആശങ്ക ആ രാജ്യങ്ങൾക്കുണ്ടായി. ഇതിനൊരു പ്രതിവിധിയായി അതികഠിനമായ ഗർഭനിരോധനമാർഗങ്ങളും നിർഭ്രൂണഹത്യയും ലോകമെങ്ങും നടപ്പാക്കാൻ ആരംഭിച്ചു. ഇതിനെത്തുടർന്ന് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ ജനനനിയന്ത്രണം ഔദ്യോഗികനയമായി സ്വീകരിക്കാൻ നിർബന്ധിതരായിത്തീർന്നു. ചൈന ഒരു കുട്ടിമാത്രം എന്ന നയം നടപ്പാക്കി. ഇതുമൂലം 1971 മുതൽ ചൈനയിൽമാത്രം 30 കോടിയോളം കുഞ്ഞുങ്ങൾ നിർബന്ധിതഗർഭച്ഛിദ്രംമൂലം വധിക്കപ്പെട്ടുവെന്നു റിപ്പോർട്ടുകൾ പറയുന്നു. ഇന്ത്യയിലാകട്ടെ, ജനസംഖ്യാനിയന്ത്രണത്തിനുള്ള മാർഗമായി സർക്കാർ തിരഞ്ഞെടുത്തത് നിർബന്ധിതവന്ധ്യംകരണമായിരുന്നു. ഒരു കുടുംബത്തിനു രണ്ടു കുട്ടികൾ മതിയെന്ന നയം ഔദ്യോഗികമായി സ്വീകരിക്കപ്പെട്ടു.

**ഇപ്പോൾ സംഭവിക്കുന്നത്**

ജനസംഖ്യാവർധനയ്ക്കനുസരിച്ച് വിഭവങ്ങൾ വർധിക്കുന്നില്ല എന്ന നവ മാൽത്തൂസിയൻ സിദ്ധാന്തം തെറ്റാണെന്ന് കാലക്രമേണ തെളിയിക്കപ്പെട്ടു. ജനസംഖ്യ വളരെവേഗം വർധിച്ചെങ്കിലും മനുഷ്യരാശിയുടെ വലിയൊരു വിഭാഗത്തിന്റെ ജീവിതനിലവാരം മനുഷ്യചരിത്രത്തിൽ എപ്പോഴത്തെക്കാളും വളരെ ഉയർന്നിരിക്കുന്നതായി കാണാം. അതുപോലെ, ഭാവിയിലേക്കു നോക്കുമ്പോൾ, സാമ്പത്തികവളർച്ചയ്ക്കുള്ള സാധ്യത ജനസംഖ്യാവളർച്ചയുടെ സാധ്യതയെക്കാൾ വളരെ വലുതാണ്. ഉദാഹരണമായി, ഗോതമ്പ്, അരി, മറ്റു ഭക്ഷണസാധനങ്ങൾ എന്നിവയുടെ പുതിയ ഇനങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ രണ്ടു മുതൽ അഞ്ചു വരെ മടങ്ങു വിളവു വർധിപ്പിക്കാൻ പര്യാപ്തമാണ്. ഇതുമൂലം, ആഗോളതലത്തിൽ ഒരു ദശാബ്ദത്തിൽ പട്ടിണിമൂലം മരിക്കുന്ന ആളുകളുടെ നിരക്ക് 1960 നെ അപേക്ഷിച്ച് 2010 ൽ ഏകദേശം 99 ശതമാനമായി കുറഞ്ഞിരിക്കുന്നു എന്നു കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. അതായത്, ജനസംഖ്യാപ്പെരുപ്പം പട്ടിണിക്കു കാരണമാകുന്നു എന്ന വാദം അടിസ്ഥാനരഹിതമായിരിക്കുന്നു.



യഥാർഥത്തിൽ, ജനസംഖ്യ അനിയന്ത്രിതമായി കുറയുന്നതാണ് ഇപ്പോൾ വികസിതരാജ്യങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. 2084 ന്റെ തുടക്കത്തിൽ ലോകജനസംഖ്യ ഏകദേശം 10.3 ബില്യൺ ആയി ഉയരുകയും, അതിനുശേഷം വർധന നിലച്ച് 2100 ഓടെ 10.2 ബില്യണിൽ താഴെയായി ചുരുങ്ങുമെന്നും പ്രവചിക്കപ്പെടുന്നു. യു.എൻ. പഠനമനുസരിച്ച്, ലോകത്തിലെ 61 രാജ്യങ്ങളിലെ ജനസംഖ്യ 2050 ഓടെ കുറഞ്ഞുതുടങ്ങുകയും, ഇതിൽ പല രാജ്യങ്ങളിലെയും ജനസംഖ്യ 15 ശതമാനത്തിലധികം കുറയുകയും ചെയ്യും. ഇതുകൂടാതെ, 2050 ആകുമ്പോഴേക്കും ആറിൽ ഒരാൾ 65 വയസ്സിനു മുകളിലുള്ളവരായിരിക്കുമെന്ന് യു.എൻ. കണക്കുകൂട്ടുന്നു. 2019 ൽ ഇത് 11 പേരിൽ ഒരാൾ ആയിരുന്നു. 2100 ആകുമ്പോഴേക്കും ലോകജനസംഖ്യയുടെ 61 ശതമാനവും പ്രായമായവരായിരിക്കും.

ഈ പ്രതിസന്ധികൾ നേരിടുന്നതിനായി ലോകരാജ്യങ്ങൾ തങ്ങളുടെ പ്രഖ്യാപിതനയങ്ങളിൽ അടിയന്തരമായി മാറ്റംവരുത്താൻ തുടങ്ങിയിട്ടുണ്ട്. ഒരു കാലത്ത് ഗർഭച്ഛിദ്രത്തെ പ്രോത്സാഹിപ്പിച്ചിരുന്ന രാജ്യങ്ങൾ ഇപ്പോൾ ഇതിനെ എതിർത്തുതുടങ്ങിയിരിക്കുന്നു. ചൈനയിൽ ഫെർട്ടിലിറ്റി റേറ്റ് 1.16 ആയി കുറഞ്ഞതിനെത്തുടർന്ന്, ഒരു കുട്ടിമാത്രം മതി എന്ന നയം മൂന്നു കുട്ടികൾവരെ ആകാമെന്നു തിരുത്തിയിരിക്കുന്നു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ തന്റെ രാജ്യത്തിലെ സ്ത്രീകളോട് എട്ടോ അതിലധികമോ കുട്ടികൾക്കു ജന്മം നൽകണമെന്നു പരസ്യമായി ആവശ്യപ്പെട്ടു.

**കേരളത്തിന്റെ സ്ഥിതി**

കേരളത്തിന്റെ സ്ഥിതിയും വളരെ ആശങ്കാജനകമാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. 2021 ലെ വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുപ്രകാരം കേരളത്തിലെ ജനനനിരക്ക് തുടർച്ചയായി കുറയുകയും മരണനിരക്ക് കൂടുകയും ചെയ്യുന്നു. 2011 ൽ ആയിരം പേർക്ക് 16.75 ശതമാനം ഉണ്ടായിരുന്ന ജനനനിരക്ക് 2021 ആയപ്പോഴേക്കും 11.94 ആയി കുത്തനെ കുറഞ്ഞു.

2023 ലെ കേരള മൈഗ്രേഷൻ സർവേ (കെ.എം.എസ്) പ്രകാരം, കേരളത്തിന്റെ ജനസംഖ്യാ വളർച്ചാനിരക്ക് 0.5 ആണ്. ഇതിൽ മലപ്പുറം ജില്ലയിലെ വളർച്ചാനിരക്കാണ് ഏറ്റവും കൂടുതൽ (1.6). തൊട്ടുപുറകേ കാസർഗോഡും പാലക്കാടുമാണുള്ളത്. ഇതിനുപുറമേ, ഇടുക്കിപോലുള്ള ജില്ലകളിൽ അവിവാഹിതരായ യുവാക്കളുടെ എണ്ണം പെരുകി വരുന്നത് ആശങ്കയുണർത്തുന്നു. അതായത്, കേരളത്തിലെ തെക്കൻ ജില്ലകളിൽ ജനസംഖ്യ കുറഞ്ഞു വരുമ്പോൾ, വടക്കൻ ജില്ലകളിൽ ഇത് കൂടിവരുന്നതായി കണക്കുകൾ കാണിക്കുന്നു.

ഇതിനോടു സമാനമായ കണക്കുകളാണ് സംസ്ഥാനവിദ്യാഭ്യാസവകുപ്പും പുറത്തുവിടുന്നത്. പുതുതായി സ്കൂളുകളിൽ ചേർന്ന കുട്ടികളുടെ ആകെ എണ്ണം ജില്ലാതലത്തിൽ പരിഗണിച്ചാൽ ഏറ്റവും കൂടുതൽ കുട്ടികളുള്ളത് മലപ്പുറം (20.7%) ജില്ലയിലും ഏറ്റവും കുറവ് കുട്ടികൾ (2.2%) പത്തനംതിട്ട ജില്ലയിലുമാണ്. ഇതിനു പുറമേ, 25 വിദ്യാർഥികളിൽ താഴെയുള്ള സംസ്ഥാനത്തെ 20 ശതമാനം സ്കൂളുകളും പത്തനംതിട്ടയിലാണുള്ളത്.

ഇതിനോടൊപ്പം, കേരളം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് വിദേശരാജ്യങ്ങളിലേക്കുമുള്ള യുവാക്കളുടെ അഭൂതപൂർവമായ കുടിയേറ്റം. കേരള മൈഗ്രേഷൻ സർവേപ്രകാരം, വിദേശങ്ങളിലേക്കുള്ള വിദ്യാർഥികളുടെ കുടിയേറ്റം അഞ്ചുവർഷംകൊണ്ട് ഇരട്ടിയായിട്ടുണ്ട്. 2018 ൽ 1,29,763 വിദ്യാർഥികൾ വിദേശത്തേക്കു പോയെങ്കിൽ, 2023 ആയപ്പോഴേക്കും ഇത് ഏകദേശം 2,50,000 ആയി ഉയർന്നു. ഇതിൽ, എറണാകുളത്തുനിന്നാണ് ഏറ്റവുമധികം വിദ്യാർഥികൾ വിദേശപഠനത്തിനു പോയത്, 43,990 പേർ. തൊട്ടുപിന്നാലെ തൃശൂരും കോട്ടയവുമാണുള്ളത്.

**ജനസംഖ്യാപിരമിഡ്**

ജനസംഖ്യയുടെ വിതരണം ഒരു പിരമിഡ് രൂപത്തിലാകുന്നതാണ് ഏറ്റവും അഭികാമ്യം. അതായത്, പ്രായമായവരുടെ എണ്ണം കുറവും, യുവജനങ്ങളുടെ എണ്ണം കൂടിയും ഇരിക്കണം. എന്നാൽ, മൈഗ്രേഷൻസർവേപ്രകാരം, കേരളത്തിലെ ജനസംഖ്യാപിരമിഡ് ഇപ്പോൾ ഒരു ചതുരാകൃതിയിലാണ് കാണപ്പെടുന്നത്. പണിയെടുക്കുന്ന ചെറുപ്പക്കാരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നതാണ് ഇതിനർഥം. കേരളത്തിൽ തൊഴിൽ തേടിയെത്തുന്ന അതിഥിത്തൊഴിലാളികളുടെ വർധിച്ച സാന്നിധ്യം ഇതിനെ സാധൂകരിക്കുന്നു.

ദേശീയ ജനസംഖ്യാ കമ്മീഷന്റെ പഠന റിപ്പോർട്ടുപ്രകാരം 2036ൽ കേരളത്തിലെ ജനസംഖ്യ 3.69 കോടിയിലെത്തും. പുരുഷന്മാരുടെ ശരാശരി ആയുർദൈർഘ്യം 72.99 വയസ്സിൽനിന്ന് 74.49 ആയി ഉയരുകയും സ്ത്രീകളുടെ ആയുർദൈർഘ്യം 80.15 വയസ്സ് ആകുകയും ചെയ്യും. തന്മൂലം, കേരളത്തിലെ ആളുകളുടെ ശരാശരി പ്രായം 33.51 ൽ നിന്ന് 39.5 ആയി ഉയരും. ഇതുകൂടാതെ, 14 വയസ്സിനു താഴെയുള്ളവർ നിലവിലെ 21.8% നിന്ന് 17.7% ആയി കുറയും.

*(ശേഷം 12-ാം പേജിൽ)*

നോവൽ 13

ഇഗ്നേഷ്യസ് കലയന്താനി

# കിഴക്കൻകാറ്റ്



കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും സിസിലി താമസിക്കുന്ന കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലെത്തി. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിന് സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടു പോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ മുടന്തുമാറ്റാനുള്ള സർജറിക്കായി പണം കൊടുക്കാമെന്ന് ജയേഷ് വാഗ്ദാനം ചെയ്തെങ്കിലും വർഷ ഇടപെട്ട് അതു തടഞ്ഞു. വർഷ എൽസയോടു പരുഷമായി സംസാരിച്ചു. കുറുക്കൻകുന്ന് പള്ളി വികാരി ഫാ. മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത് എൽസയുടെ കാലിന്റെ സർജറി നടത്തി. മുടന്തില്ലാതെ നടക്കാവുന്ന സ്ഥിതിയിലായി എൽസ. എൽസയുടെ ആഗ്രഹപ്രകാരം, സർജറി നടത്തിയ ഡോക്ടർ മനു തോമസ് അവളുടെ വീടു സന്ദർശിച്ചു. സിസിലിയും എൽസയും ഡോക്ടർക്ക് നല്ല ഭക്ഷണമുണ്ടാക്കിക്കൊടുത്തു സൽക്കരിച്ചു. (തുടർന്നു വായിക്കുക)

എൽസയുടെ കാലിന്റെ സർജറിക്കു പണം കൊടുക്കാൻ താൻ എടുത്ത തീരുമാനത്തിന് വർഷ തടസ്സം നിൽക്കുമെന്ന് ജയേഷ് ഒരിക്കലും വിചാരിച്ചിരുന്നില്ല. ഒരു കാരുണ്യപ്രവൃത്തിയല്ലേ, പ്രോത്സാഹിപ്പിക്കുമെന്നായിരുന്നു ചിന്ത. താൻ എൽസയെ ഇനി വിളിക്കാനേ പാടില്ലെന്നാണ് അവളുടെ നിർദേശം. വർഷ തെറ്റിദ്ധരിച്ചു കാണും. സഹായം വാഗ്ദാനം ചെയ്യുന്നതിനുമുമ്പ് വർഷയോട് ഒന്നു പറയാമായിരുന്നു. അവിടെ തനിക്കൊരു പാളിച്ച പറ്റി. പറയാതിരുന്നത് അവളിൽ തെറ്റിദ്ധാരണ ഉണ്ടാക്കിക്കാണും.

ഉച്ചയ്ക്കു ഭക്ഷണം കഴിക്കുമ്പോൾ സൂസമ്മ ജയേഷിനോടു പറഞ്ഞു:

"ആ സംഭവത്തിനുശേഷം സിസിലി എന്നെ വിളിച്ചിട്ടില്ല. അല്ലെങ്കിൽ ആഴ്ചയിലൊരിക്കൽ വിളിക്കാറുള്ളതാ. എനിക്കങ്ങോട്ടും വിളിക്കാനൊരു മടി. പൊട്ടിത്തെറിച്ചാൽ എനിക്കതു താങ്ങാനുള്ള കരുത്തില്ല."


"എൽസ എന്നെയും വിളിച്ചിട്ടില്ല അമ്മേ. അവൾക്കും ഒരുപാട് വിഷമമായിക്കാണും. വർഷ ഇത്ര പരുഷമായിട്ടു പ്രതികരിക്കുമെന്ന് ഞാനൊരിക്കലും പ്രതീക്ഷിച്ചില്ലമ്മേ. അതുകൊണ്ട് എനിക്ക് അങ്ങോട്ടു വിളിക്കാൻ മടിയാ. ഇനി വിളിച്ചുന്നെങ്ങാനും അവളറിഞ്ഞാൽ അതുമതി ഈ ബന്ധം തകരാൻ."

"ആ കൊച്ചിന്റെ ഓപ്പറേഷൻ നടന്നുകാണുമോ?"

"എങ്ങനെ നടക്കാൻ? ഞാൻ കൊടുക്കാന്നു പറഞ്ഞതുകൊണ്ടല്ലേ ഡേറ്റ് ഫിക്സ് ചെയ്തത്. കിട്ടില്ലെന്നറിഞ്ഞപ്പോൾ ക്യാൻസലാക്കിക്കാണും."

"പപ്പയെക്കൊണ്ട് കൊടുപ്പിച്ചാലോ മോനേ?"

"വേണ്ടമ്മേ. ഏതെങ്കിലും സാഹചര്യത്തിൽ വർഷ അറിഞ്ഞാൽ അതു പ്രശ്നം വഷളാക്കുകയേയുള്ളു. അവൾക്കു പിന്നെ വാശികൂടും. എൽസയും ഞാനും തമ്മിൽ വഴിവിട്ട ബന്ധമുണ്ടെന്ന് അവൾ തെറ്റിദ്ധരിക്കും. ഇപ്പത്തന്നെ അവൾക്കങ്ങനെയൊരു സംശയമുണ്ട്. സാവകാശം എൽസയെ പറഞ്ഞു മനസ്സിലാക്കീട്ട് നമുക്ക് ആ സഹായം ചെയ്യാം."



"അതു സാധിക്കുമെന്ന് തോന്നുന്നില്ല മോനേ."

"ഇല്ലെങ്കിൽ വേണ്ട. എൽസയെക്കാൾ വലുത് എനിക്കെന്റെ ഭാര്യയല്ലേ? അവളുടെ ഇഷ്ടത്തിനല്ലേ മുൻഗണന കൊടുക്കേണ്ടത്. അതല്ലേ ഒരു ഭർത്താവിന്റെ കടമ?"

"വർഷയോട് ഒന്നു ചോദിച്ചിട്ടു മതിയായിരുന്നു ഇങ്ങനൊരു വാഗ്ദാനം."

"അതെ. അവിടൊരു തെറ്റുപറ്റിപ്പോയി എനിക്ക്."

ജയേഷ് എണീറ്റു കൈകഴുകിയിട്ട് മുറിയിലേക്കു പോയി ജോലിയിൽ മുഴുകി.

രാത്രി എട്ടുമണിയായപ്പോൾ ജോലി കഴിഞ്ഞ് വർഷ വീട്ടിലെത്തി. പോർച്ചിൽ സ്കൂട്ടർ പാർക്കു ചെയ്തിട്ട് സിറ്റൗട്ടിലേക്കു കയറി ബല്ലടിച്ചു. സൂസമ്മയാണ് വാതിൽ തുറന്നത്.

"ങ്ഹ, ഇന്നു നേരത്തെയാണല്ലോ മോളേ. റോഡിൽ ബ്ലോക്കൊന്നും ഇല്ലായിരുന്നോ?"

"ബ്ലോക്കുണ്ടായിരുന്നു. ഞാനിത്തിരി നേരത്തേ ഇറങ്ങിയതാ അമ്മേ."

സ്വീകരണമുറിയിൽ പത്രം വായിച്ചുകൊണ്ട് ജയേഷിന്റെ പപ്പ ജോസ് ഇരിപ്പുണ്ടായിരുന്നെങ്കിലും പപ്പയോട് അവളൊന്നും മിണ്ടിയില്ല. തിടുക്കത്തിൽ സ്റ്റേർകേസ് കയറി മുകളിലത്തെ നിലയിലേക്കു പോയി.

ജോസും സൂസമ്മയും പരസ്പരം നോക്കി. സൂസമ്മ മുഖം കൊണ്ട് എന്തോ ഗോഷ്ടി കാണിച്ചിട്ട് അടുക്കളയിലേക്കു പോയി.

വർഷ വാതിൽ തള്ളിത്തുറന്ന് കിടപ്പുമുറിയിലേക്കു ചെല്ലുമ്പോൾ വാട്ട്സാപ്പിൽ ഓരോന്നു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു ജയേഷ്.

"ആരുമായിട്ടാ ചാറ്റ്?" ഹാൻഡ് ബാഗ് മേശപ്പുറത്തേക്കെറിഞ്ഞുകൊണ്ട് വർഷ ചോദിച്ചു. ജയേഷിനു വല്ലാതെ ദേഷ്യം വന്നു. വന്നു കയറിയതേ ചൊറിയുന്ന വർത്തമാനമാണ്.

"ചാറ്റും ചീറ്റുമൊന്നും എന്റെ തൊഴിലല്ല."

"പിന്നെ എന്റെ തൊഴിലാണോ?"

"എന്നു ഞാൻ പറഞ്ഞോ?"

"കേട്ടപ്പം അങ്ങനെ തോന്നി."

"ഡ്രസുമാറി കുളിച്ചിട്ടു വാ. പോയി ഫുഡ് കഴിക്കാം. അമ്മ അവിടെ കാത്തിരിക്കാ." ജയേഷിന്റെ വാക്കുകളിൽ നീരസം പ്രകടമായിരുന്നു.

വർഷ വേഷം മാറിയിട്ട് പോയി കുളിച്ചു. കുളി കഴിഞ്ഞ് രണ്ടുപേരും താഴേക്കു ചെന്നു. ഡൈനിങ് ടേബിളിൽ ഭക്ഷണം എടുത്തുവച്ചിട്ടുണ്ടായിരുന്നു.

ചപ്പാത്തിയും ചിക്കൻകറിയുമായിരുന്നു അത്താഴത്തിന്. വർഷയുടെ പ്ലേറ്റിലേക്ക് കറി വിളമ്പുന്നതിനിടയിൽ ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു സൂസമ്മ. ഒരു വാക്കിലോ മൂളലിലോ അവൾ മറുപടി ഒതുക്കി. സൂസമ്മയ്ക്ക് സങ്കടം വന്നു. ഇങ്ങനെയൊരു മരുമകളെയായിരുന്നില്ല അവർ സ്വപ്നം കണ്ടിരുന്നത്.

ജോലി കഴിഞ്ഞു വരുമ്പോൾ ചിരിച്ചുകൊണ്ട് ഓടിവന്ന് അമ്മേ എന്നു വിളിച്ചു കെട്ടിപ്പിടിക്കുകയും കൈയിൽപിടിച്ചു സ്നേഹം പ്രകടിപ്പിക്കുകയും വീട്ടിലെ വിശേഷങ്ങൾ ചോദിക്കുകയും അടുക്കളജോലിയിൽ സഹായിക്കുകയുമൊക്കെ ചെയ്യുന്ന ഒരു പെൺകുട്ടിയായിരുന്നു മനസ്സിൽ. സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ എന്തുമാത്രം അന്തരം എന്നു സൂസമ്മ ഓർത്തു.

വേഗം ഭക്ഷണം കഴിച്ച് എണീറ്റ് കൈകഴുകി തുടച്ചിട്ട് വർഷ ആരോടും ഒന്നും പറയാതെ പടികൾ കയറി മുകളിലേക്കു പോയി. ജയേഷ് ഭക്ഷണം കഴിച്ചു തീർന്നിരുന്നില്ല. അവന്റെ സങ്കടം കണ്ടപ്പോൾ സൂസമ്മ ചുമലിൽ തട്ടി സമാധാനിപ്പിച്ചു.

"സാരമില്ലെടാ. സാവകാശം എല്ലാം നേരേയാകും. ഞാനെന്നും പ്രാർഥിക്കുന്നുണ്ട്."

സൂസമ്മയുടെ ശബ്ദം ഇടറിയിരുന്നു.

ഭക്ഷണം കഴിച്ചിട്ട് ജയേഷ് മുറിയിലേക്കു ചെല്ലുമ്പോൾ വർഷ ആരോടോ ഫോണിൽ സംസാരിക്കുകയായിരുന്നു. ജയേഷിനെ കണ്ടതും സംഭാഷണം നിറുത്തിയിട്ട് ഫോൺ മേശപ്പുറത്തേക്കു വച്ചു.

ജയേഷ് കട്ടിലിൽ വന്നിരുന്നപ്പോൾ തോളിൽ കൈവച്ചുകൊണ്ട് വർഷ പറഞ്ഞു:

"അതേയ്... ഞാനൊരു കാര്യം പറയട്ടെ?"

"ഉം?" ജയേഷ് തിരിഞ്ഞ് അവളെ നോക്കി.

"എനിക്കൊരു സംശയമുണ്ട്. എന്റെ വയറ്റിൽ ഒരു കുഞ്ഞ് ജന്മം കൊണ്ടിട്ടുണ്ടോന്ന്."

"സത്യാണോ?" ജയേഷിന്റെ കണ്ണുകൾ വിടർന്നു.

"സത്യാണോന്നറിയാൻ നമുക്ക് ശനിയാഴ്ച പോയി ഒരു പ്രഗ്നൻസി ടെസ്റ്റ് നടത്തണം."

"ഷുവർ. റിസൾട്ട് പോസിറ്റീവായിരിക്കണേന്നു നമുക്കു പ്രാർഥിക്കാം."

വർഷ ഒന്നും മിണ്ടിയില്ല. അവളുടെ മുഖത്ത് സന്തോഷമൊന്നും കാണാഞ്ഞപ്പോൾ ജയേഷ് ചോദിച്ചു:

"നിനക്കെന്താ ഒരു സന്തോഷമില്ലാത്തപോലെ..."

"സന്തോഷിക്കാൻ ഒന്നും ഉറപ്പായില്ലല്ലോ."

വർഷ കിടക്കയിലേക്കു ചാഞ്ഞു. ഒപ്പം ജയേഷും. അവളെ തന്നിലേക്കു ചേർത്തുപിടിച്ചിട്ട് ആ കവിളിൽ ഒരു മുത്തം നൽകി ജയേഷ്.

ശനിയാഴ്ച ജയേഷും വർഷയും ആശുപത്രിയിൽപോയി ഡോക്ടറെ കണ്ടു. പ്രഗ്നൻസി ടെസ്റ്റിന്റെ റിസൾട്ട് നോക്കിയിട്ട് ഡോക്ടർ എമിലി പറഞ്ഞു:

"സന്തോഷവാർത്തയാ. വീട്ടിലേക്ക് ഒരതിഥികൂടി വരാൻ പോകുന്നു."

ജയേഷിനു തുള്ളിച്ചാടണമെന്നു തോന്നിപ്പോയി. വർഷയുടെ മുഖത്ത് മാറ്റമൊന്നും കണ്ടില്ല.

ഡോക്ടർ കുറെ നിർദേശങ്ങളൊക്കെ കൊടുത്തിട്ട് രണ്ടുമൂന്ന് ടാബ്ലറ്റ്സ് പ്രിസ്ക്രൈബ് ചെയ്തു.

മടക്കയാത്രയിൽ വർഷ ഒരുപാടൊന്നും സംസാരിച്ചില്ല. അവളുടെ മുഖഭാവം ജയേഷ് ശ്രദ്ധിച്ചു.

"വർഷയ്ക്കെന്താ ഒരു സന്തോഷമില്ലാത്തേ?"

"ഞാൻ കിടന്നു തുള്ളിച്ചാടണോ?" ഒട്ടും പ്രതീക്ഷിച്ചില്ലായിരുന്നു അങ്ങനെ ഒരു മറുപടി. ജയേഷ് പിന്നീടൊന്നും മിണ്ടിയില്ല.

വീട്ടിൽ വന്നപ്പോൾ അമ്മ സിറ്റൗട്ടിൽ കാത്തുനില്പുണ്ടായിരുന്നു. ജയേഷ് ഫോണിൽ വിളിച്ച് നേരത്തേതന്നെ സന്തോഷവാർത്ത പറഞ്ഞിരുന്നു.

"എന്റെ പ്രാർഥന ദൈവം കേട്ടു."

സൂസമ്മ വന്ന് വർഷയുടെ കൈപിടിച്ച്, അവളെ ചേർത്തുപിടിച്ച് കവിളിൽ ഒരുമ്മ നൽകി.

"ഇനി ഒരുപാടു ശ്രദ്ധിക്കണം കേട്ടോ. ജോലിക്കു സ്കൂട്ടറിൽ പോകണ്ടാ. കാറെടുത്തു പൊക്കോ. കുണ്ടും കുഴിയുമുള്ള റോഡല്ലേ."

"ഉം." വർഷ തലകുലുക്കി.

മുറിയിൽ ചെന്ന് വേഷം മാറിയിട്ട് അവൾ ഒരു ഗ്ലാസ് വെള്ളം എടുത്തു കുടിച്ചു.

ശേഷം 14-ാം പേജിൽ

# കുടുംബം കലക്കുന്ന മാതാപിതാക്കൾ



ഡോ. ജസ്റ്റിൻ തോമസ്



കൗൺസലിങ് കോർണർ

**ആ** സ്ത്രീയും മകളും പുതിയതായി എത്തിയ മരുമോനെയും അവന്റെ മാതാപിതാക്കളെയും കൂട്ടി എന്റെ അടുത്തെത്തിയത് ആരെയൊക്കെയോ നന്നാക്കുന്നതിനുവേണ്ടിയാണ്. മകളുടെ പേര് മറിയം. കല്യാണം കഴിഞ്ഞതേയുള്ളൂ. ആദ്യരാത്രിയുടെ പേരു പറഞ്ഞു മരുമകൻ തന്റെ മകളോടു വളരെ മ്ലേച്ഛമായി പെരുമാറിയെന്നാണ് അമ്മയുടെ പരാതി. ഞാൻ ചോദിച്ചു: "ഇതൊക്കെ എങ്ങനെ നിങ്ങൾ അറിഞ്ഞു? അവൾ വന്നു പറഞ്ഞോ? അതോ, നിങ്ങൾ ചോദിച്ചറിഞ്ഞോ?'' "ഞാൻ ചോദിച്ചറിഞ്ഞു സാർ. എന്റെ മോൾ ഒരന്യപുരുഷന്റെകൂടെ കിടക്കുമ്പോൾ അവൾക്ക് എന്തു സംഭവിക്കുന്നുവെന്ന് ഞാൻ അറിയണ്ടേ സാർ?" അവരുടെ ഉത്തരം കേട്ടപ്പോൾ എനിക്കുണ്ടായ അമർഷം പുറമേ പ്രകടിപ്പിക്കാതെ അവരെ ഞാനൊരു കോമാളിയായി ചിത്രീകരിച്ചു. കാരണം, അല്പം ബുദ്ധിയും ഇത്തിരി വിവേകവുമുള്ള ഏതൊരാൾക്കും ഈ സ്ത്രീയോടു വെറുപ്പുതോന്നും.

സത്യത്തിൽ നന്നാവേണ്ടത് അവർതന്നെയാണ് എന്ന ബോധ്യം അവരിൽ ജനിപ്പിക്കാൻ കൗൺസലർ എന്ന നിലയിൽ ഞാൻ നന്നായി പണിയെടുക്കേണ്ടിവന്നു. ഭാഗ്യവശാൽ ഈ സ്ത്രീയുടെ ഭർത്താവിനു സാമാന്യവിവരവും തിരിച്ചറിവുമുണ്ടായിരുന്നു. മകൾക്ക് ഭാര്യ എന്ന നിലയിലേക്കുയരാൻ അമ്മ അവസരം നൽകുന്നില്ലായെന്ന സത്യവും ഇദ്ദേഹത്തിനു വ്യക്തമായിരുന്നു.

**മകളുടെ ഭർത്താവിനെതിരായി അമ്മ ഉന്നയിച്ച ആരോപണങ്ങൾ:**

1. മരുമോൻ മകളെ ഉപദ്രവിക്കുന്നു.
2. അവൻ അവളെക്കൊണ്ട് മ്ലേച്ഛമായ കാര്യങ്ങൾ ചെയ്യിക്കുന്നു.
3. മരുമോൻ കിടപ്പുമുറിയിൽ മോളോടു ചെയ്യുന്ന കാര്യങ്ങൾ മരുമോന്റെ മാതാപിതാക്കൾ അറിയുന്നില്ല.
4. മോൾ കെട്ടിച്ചുവിട്ട വീട്ടിൽ നിൽക്കാൻ ഇഷ്ടപ്പെടുന്നില്ല.

മേൽസൂചിപ്പിച്ച പ്രശ്നങ്ങളെ കീറിമുറിച്ചു പരിശോധിച്ചപ്പോൾ മനസ്സിലായത് ഇവയെല്ലാം അമ്മയുടെ സൃഷ്ടികളായിരുന്നുവെന്നാണ്. മകൾക്കു വ്യക്തിപരമായി യാതൊരു പരാതികളുമില്ല. അവൾക്കു തന്റെ ഭർത്താവിനെക്കുറിച്ചു നല്ലതുമാത്രമേ പറയാനുള്ളൂ. പിന്നെ എന്തുകൊണ്ട് അമ്മ ഇങ്ങനെയൊക്കെ പ്രതികരിക്കുന്നു? ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തിയപ്പോൾ അമ്മയിലുള്ള ചില പ്രശ്നങ്ങൾ ചുരുളഴിഞ്ഞു.

1. ഈ സ്ത്രീ അവരുടെ ചെറുപ്പകാലത്ത് ലൈംഗികാതിക്രമത്തിനു വിധേയയായിരുന്നു. അതിൽനിന്നു പെരുമാറ്റവൈകൃതങ്ങൾ ഉടലെടുത്തു.
2. ഇവർക്ക് ഒരു പ്രത്യേകതരം വ്യക്തിത്വവൈകല്യം ഉണ്ടായിരുന്നു.
3. ആധിപത്യമനോഭാവം ഇവരിൽ നിഴലിച്ചിരുന്നു.
4. മകളോടുള്ള അമിതസ്നേഹവും ഉത്കണ്ഠയും.

തനിക്ക് ഈ നാലു പ്രശ്നങ്ങളും ഉണ്ടെന്ന ബോധ്യം അവർക്കില്ലായിരുന്നു. അതായിരുന്നു അവരുടെ ഏറ്റവും പ്രധാനപ്രശ്നവും. മേൽസൂചിപ്പിച്ച പ്രശ്നങ്ങളുടെ ഭാഗമായി തന്റെ മകൾ ലൈംഗികപീഡനത്തിനു വിധേയയാകാമെന്നും, തന്റെ മോളെ സംരക്ഷിക്കാൻ തനിക്കുമാത്രമേ സാധിക്കുകയുള്ളൂവെന്നും, താൻ പറയുന്ന കാര്യങ്ങൾ മാത്രമാണു ശരിയെന്നും, തന്റെ മോൾ തന്റെ കരവലയത്തിൽത്തന്നെ സംരക്ഷിക്കപ്പെടണമെന്നും അവർ വിശ്വസിച്ചു. ഇതിന്റെ ഭാഗമായി മകളുടെ വിവാഹജീവിതത്തിന്റെ എല്ലാ മേഖലയിലും അവർ അമിതമായി ഇടപെട്ട് ഇല്ലാത്ത പ്രശ്നങ്ങളുണ്ടാക്കി മോളെ വിവാഹമോചനത്തിന്റെ വക്കിലെത്തിച്ചു.

അമ്മയുടെ പ്രശ്നങ്ങളാണ് ഇപ്പോൾ ഈ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രതിസന്ധിയുടെ അടിസ്ഥാനമെന്നു മനസ്സിലായതോടെ മുഖ്യമായും അവരുടെ പ്രശ്നത്തിനു പരിഹാരം കാണുക എന്നതായിരുന്നു കൗൺസലിങ് ലക്ഷ്യം. അതോടെ പ്രശ്നപരിഹാരം എളുപ്പമായി. കൂടെ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനവും ആവശ്യമായിരുന്നു.

**പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കപ്പെട്ടു?**

മറിയത്തിന്റെ അമ്മ ഉണ്ടാക്കിയ പ്രശ്നം സങ്കീർണമാകാതിരുന്നത് മകളുടെ ഭർത്തൃവീട്ടുകാരുടെ വിവേകപൂർവകമായ ഇടപെടൽകൊണ്ടാണ്. മറിയത്തിന്റെ അമ്മ കൗൺസലിങ്ങിനു പോകണമെന്നു പറഞ്ഞപ്പോൾ അവർ അതു തന്മയത്വത്തോടെ അംഗീകരിച്ചു. മറിയത്തിന്റെ അമ്മ പ്രതീക്ഷിച്ചിരുന്നത് മകളുടെ ഭർത്താവിന്റെ വീട്ടുകാർ കൗൺസലിങ്ങിനു തയ്യാറാകില്ലെന്നും അത് അവർക്കെതിരേ പ്രയോഗിക്കാമെന്നുമായിരുന്നു. പക്ഷേ, അതു നടന്നില്ല എന്നുമാത്രമല്ല, യഥാർഥ 'പ്രതി' പിടിക്കപ്പെട്ട അവസ്ഥയുമായി! ഇതോടൊപ്പം മറ്റു കുടുംബാംഗങ്ങളുടെയും മറിയത്തിന്റെയും മനസ്സുകളിലുണ്ടായ മുറിവുണക്കുകകൂടി ചെയ്തപ്പോൾ എല്ലാം ശുഭപര്യവസായിയായി.

ഈയൊരു കൗൺസലിങ്ങിന്റെ വെളിച്ചത്തിൽ കണ്ടെത്തിയ ചില ആശയങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹൈസ്കൂൾതലം മുതൽ വൈവാഹിക, കുടുംബജീവിതത്തിലെ വെല്ലുവിളികളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.
2. മതസ്ഥാപനങ്ങൾ, സാംസ്കാരികകേന്ദ്രങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിവാഹം കഴിച്ചവരും കഴിക്കാൻ പോകുന്നവരുമായ യുവതീയുവാക്കളുടെ മാതാപിതാക്കൾക്കു ബോധവത്കരണം നൽകുക.

**വിവാഹിതരായവരുടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

a. മകൻ/മകൾ വിവാഹം കഴിച്ചു കഴിഞ്ഞാൽ അവരെ ഭർത്താവും ഭാര്യയുമായി ജീവിക്കാൻ അനുവദിക്കുക.

b. വിവാഹിതരുടെ സ്വകാര്യതയിൽ അത്യാവശ്യസന്ദർഭങ്ങളിലൊഴിച്ച് മാതാപിതാക്കൾ ഇടപെടരുത്.

c. മകൻ/മകൾ വിവാഹം കഴിച്ച് വീട്ടിൽനിന്നു മാറുമ്പോൾ ഉണ്ടാകാനിടയുള്ള ശൂന്യതയെ ക്രിയാത്മകമായി മറികടക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുക.

d. ഭർത്താവിന്റെയും ഭാര്യയുടെയും മാതാപിതാക്കളെ ബഹുമാനിക്കാനും സ്നേഹിക്കാനും പഠിപ്പിക്കുക.

e. മദ്യപാനംപോലുള്ള അടിമത്തങ്ങളെ ചികിത്സിക്കാൻ ശ്രദ്ധിക്കുക. മാനസിക, ശാരീരികപ്രശ്നങ്ങൾ പങ്കാളിക്കുണ്ടായാൽ കാലതാമസം കൂടാതെ ചികിത്സിക്കുക.

f. പങ്കാളി മരണമടഞ്ഞാൽ ജീവിച്ചിരിക്കുന്ന പങ്കാളിയെ ശ്രദ്ധയോടെ പരിപാലിക്കുക.

g. വിവാഹം കഴിച്ചുവന്നിരിക്കുന്ന പെൺകുട്ടിയെ (ചില സാഹചര്യത്തിൽ ആൺകുട്ടിയെ) സ്വന്തമായി കാണുക.

h. പങ്കാളി അപമാനിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുക.

i. പരസ്പരം നന്മകൾ കാണാൻ പങ്കാളികളെ പ്രോത്സാഹിപ്പിക്കുക.

മേൽസൂചിപ്പിച്ച കാര്യങ്ങൾ മാതാപിതാക്കൾ മക്കൾക്കുവേണ്ടി ചെയ്യുമ്പോൾ മാതാപിതാക്കളിൽത്തന്നെ മാറ്റം സംഭവിക്കുകയും അവർ റോൾമോഡലുകളായിത്തീരുകയും ചെയ്യും.

■

## ഫാ. അരുൾദാസിന്റെ 25-ാം രക്തസാക്ഷിത്വവാർഷികം



ഭുവനേശ്വർ: രക്തസാക്ഷി ഫാ. അരുൾദാസിന് അദ്ദേഹത്തിന്റെ 25-ാം ചരമവാർഷികദിനത്തിൽ ആയിരങ്ങൾ സ്മരണാഞ്ജലി അർപ്പിച്ചു.

ഒഡീഷയിലെ ബാലസോർ രൂപതയിൽപ്പെട്ട വിദൂരവനപ്രദേശമായ ജാമുബാനിയിൽ നടന്ന 25-ാം രക്തസാക്ഷിത്വവാർഷികദിനാചരണത്തിൽ നാലായിരത്തോളം വിശ്വാസികൾ പങ്കെടുത്തു. ഈശോയുടെ ജീവിതത്തെ അടുത്തറിഞ്ഞ് അനുഗമിച്ച വ്യക്തിയാണ് ഫാ. അരുൾദാസെന്നും ഈശോയെപ്പോലെ നല്ലിടയനായി പ്രദേശത്തെ ജനങ്ങൾക്കിടയിൽ ജീവിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹമെന്നും വിശുദ്ധകുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു വചനസന്ദേശം നൽകിയ ബാലസോർ ബിഷപ് ഡോ. വർഗീസ് തോട്ടംകര പറഞ്ഞു. 50 വൈദികർ വിശുദ്ധ കുർബാനയിൽ സഹകാർമികരായിരുന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള വൈദികരും സന്ന്യസ്തരും വിശ്വാസികളും ചടങ്ങിൽ പങ്കാളികളായി.

'ഹൊ' വിഭാഗത്തിൽപ്പെട്ട ആദിവാസികൾ കൂടുതലായി അധിവസിക്കുന്ന ഒഡീഷയിലെ മയൂർബഞ്ജ് ജില്ലയിലെ ജാമുബാനിയിൽ 1999 സെപ്റ്റംബർ ഒന്നിന് അവിടത്തെ ക്രൈസ്തവസമൂഹത്തിനുവേണ്ടി വിശുദ്ധകുർബാന അർപ്പിക്കാനെത്തിയതായിരുന്നു 33 കാരനായിരുന്ന ഫാ. അരുൾദാസ്.


വിശുദ്ധ കുർബാന അർപ്പിച്ചു ഭക്ഷണവും കഴിച്ചശേഷം പ്രാദേശികജനത അവരുടെ സംസ്കാരത്തിന്റെകൂടി ഭാഗമായ നൃത്തവും പാട്ടുമായി ആഘോഷത്തിലായി. ഇതിനിടെ സ്ഥലത്തെത്തിയ പതിനഞ്ചിലധികം വരുന്ന അക്രമികൾ നൃത്തം ചെയ്യുന്നവരെ വളഞ്ഞശേഷം ഫാ. അരുൾദാസിനെയും സഹായി കാത്തേസിങ് ഗുൺഷിയെയും ആക്രമിക്കുകയായിരുന്നു. അക്രമികളെ കണ്ട് ഇറങ്ങിയോടി മരങ്ങൾക്കിടയിൽ മറഞ്ഞ ഫാ. അരുൾദാസിനെ അക്രമികളിലൊരാൾ പിന്തുടർന്ന് അമ്പെയ്താണു കൊലപ്പെടുത്തിയത്. ജാമുബാനിയിലെ സാമൂഹികവിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെട്ടു സേവനം ചെയ്തുവരികയായിരുന്നു ഫാ. അരുൾദാസ്. കുറച്ചു പുസ്തകങ്ങളും ഒരു പോക്കറ്റ് റേഡിയോയുംമാത്രമായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം.

എളിമയുടെ മാതൃകയായിരുന്ന ഫാ. അരുൾദാസിനു ഹ്രസ്വകാലംകൊണ്ട് 'ഹൊ' ജനതയുടെ ഹൃദയം കീഴടക്കാൻ കഴിഞ്ഞിരുന്നു. 'എന്റെ ഹൃദയം എപ്പോഴും നിങ്ങളുടെ നീതിക്കുവേണ്ടിയാണു നിലകൊള്ളുന്നതെന്നും നിങ്ങൾക്കു നീതി ലഭിക്കുംവരെ ഞാൻ നിങ്ങളോടൊപ്പമുണ്ടാകുമെന്നും അദ്ദേഹം 'ഹൊ' ജനതയോടു പറയുമായിരുന്നു.

ഫാ. അരുൾദാസ് കൊല്ലപ്പെടുമ്പോൾ കേവലം 18 'ഹൊ' കുടുംബങ്ങളാണ് ക്രൈസ്തവവിശ്വാസികളായി പ്രദേശത്ത് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ പ്രദേശത്തെ ക്രൈസ്തവകുടുംബങ്ങളുടെ എണ്ണം 400 ആയി ഉയർന്നതായി ഫാ. അരുൾദാസിന്റെ ജീവചരിത്രം രചിച്ച ഫാ. വർഗീസ് പുതുമറ്റം പറഞ്ഞു.

# പൈതൃകമായി ലഭിച്ച നിധി

അനുഭവങ്ങളേ നന്ദി



സി. എൽ. ജോസ്

ഒരുപാടു ദുഃഖവും ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞതായിരുന്നു എന്റെ ബാല്യവും കൗമാരവും. തെല്ലും സാമ്പത്തികശേഷിയില്ലാത്ത കുടംബം. അപ്പന് ഒരു കൊച്ചുജോലി. വാടകപ്പുരയിൽ താമസം. സമ്പത്തിൽ ദരിദ്രനായിരുന്നെങ്കിലും ദൈവഭക്തിയിലും സൽഗുണങ്ങളിലും സമ്പന്നനായിരുന്നു എന്റെ പിതാവ്. അമ്പത്താറു വയസ്സായപ്പോഴേക്കും അപ്പൻ മരിച്ചു. എനിക്കന്ന് മുപ്പതു വയസ്സ്. തൃശൂരിലെ ഒരു പ്രസിദ്ധ ചിട്ടി(കുറി)ക്കമ്പനിയിലെ ഉദ്യോഗവും നാടകരചനയുമായിരുന്നു മൂത്ത മകനായ എന്റെ വരുമാന മാർഗം.



മാതാപിതാക്കൾ തെളിച്ച വഴിയിലൂടെ മക്കളായ ഞങ്ങൾ സഞ്ചരിച്ചു. അവരുടെ ജീവിതം ഞങ്ങൾക്കു വിലപ്പെട്ട മാതൃകയായി. പിന്നീട് ഞാൻ വിവാഹിതനായി. ഞാനും സഹധർമിണി ലിസിയും എന്റെ മക്കൾക്കു മാതൃകയായി. എനിക്ക് മൂന്നുമക്കൾ. മൂത്തതു ഷേളി; താഴെ രണ്ട് ആൾമക്കൾ.

ഞാനും ലിസിയും ഞങ്ങളുടെ പരിധിയിലും പരിമിതിയിലും നിന്നുകൊണ്ട് അവരെ വളർത്തി, സ്നേഹിച്ചു, നയിച്ചു, നിയന്ത്രിച്ചു, മാതൃകയായി ജീവിച്ചു. ജന്മദിനങ്ങളിൽ അവർക്ക് പുസ്തകങ്ങൾ സമ്മാനിച്ചു. ഇതിനകം നാടകരംഗത്തു ഞാനേറെ പ്രസിദ്ധമായി.

മക്കൾ കുറച്ചു മുതിർന്നപ്പോൾ ഒരു ദിവസം ഞാനവരോടു പറഞ്ഞു: "നിങ്ങൾ പാഠപുസ്തകങ്ങളും കഥകളും മഹാന്മാരുടെ ജീവചരിത്രങ്ങളുമൊക്കെ വായിച്ചോളൂ. നല്ലത്. എന്നാൽ, ഞാനും അമ്മയും നിങ്ങളുടെ മുമ്പിൽ ഒരു ജീവിതം കാഴ്ചവച്ചിട്ടുണ്ട്. ആ ജീവിതം നിങ്ങൾക്കുള്ള പ്രധാന പാഠപുസ്തകമാണ്."

അവർ മൂന്നുപേരും കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി. ബിരുദമെടുത്തശേഷം യഥാകാലം വിവാഹിതരായി. ഷേളിയും ഭർത്താവ് ജോസിയും താമസിക്കുന്നതു കോഴിക്കോടാണ്. അവർക്ക് മൂന്നു മക്കൾ. എന്റെ മാതാപിതാക്കളിൽനിന്നു ലഭിച്ച ആത്മീയമൂല്യങ്ങളും വിശ്വാസചൈതന്യവും പിന്തുടർന്നുകൊണ്ടു ഞാനും ലിസിയും മക്കളും മുന്നോട്ടുനീങ്ങുന്നു. പൈതൃകമായി ലഭിച്ച നിധിപോലെ ഈ ഊർജവും വെളിച്ചവും എന്റെ എല്ലാ മക്കളും കാത്തു സൂക്ഷിക്കുന്നു.

ഇത്രയും എഴുതിയത് ഒരു അനുഭവം കുറിക്കാനാണ്. ഷേളിയുടെയും ജോസിയുടെയും മൂത്തമകൾ - എന്റെ കൊച്ചുമകൾ - സുനിത എസ്.എസ്.എൽ.സിയ്ക്കു പഠിക്കുന്ന കാലം. ഫസ്റ്റ് ക്ലാസ് കിട്ടുമെന്ന് അവൾക്കുറപ്പുണ്ട്. എന്നാലും പരീക്ഷക്കാലമടുത്തതോടെ അവൾക്ക് ആശങ്ക, വെപ്രാളം, ടെൻഷൻ! ഉദ്ദേശിച്ച മാർക്ക് കിട്ടാതെപോകുമോ?

പരീക്ഷയുടെ ദിവസമായി. ഒന്നാം ദിവസം പരീക്ഷയ്ക്കു പോകുന്ന സമയം. അവൾ യേശുവിന്റെ ചിത്രത്തിനുമുമ്പിൽ നിന്നു പരീക്ഷയ്ക്കൊരുക്കമായി പ്രാർഥന സ്വയം ചൊല്ലി. ജോസിയും അരികിലുണ്ട്. തുടർന്ന് അവൾ അമ്മയെ (ഷേളിയെ) വിളിച്ചു. "അമ്മച്ചീ, ഞാൻ പരീക്ഷയ്ക്കു പോവ്വാ. വാ, പ്രാർഥിക്കാം."

അതുകേട്ട ഷേളിയുടെ മകുപടി: "മോളേ, നിനക്കുവേണ്ടി മാസങ്ങളായിട്ടു ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കാ. ധൈര്യായിട്ടു പോ!"

> "നിങ്ങൾ പാഠപുസ്തകങ്ങളും കഥകളും മഹാന്മാരുടെ ജീവചരിത്രങ്ങളുമൊക്കെ വായിച്ചോളൂ. നല്ലത്. എന്നാൽ, ഞാനും അമ്മയും നിങ്ങളുടെ മുമ്പിൽ ഒരു ജീവിതം കാഴ്ചവച്ചിട്ടുണ്ട്. ആ ജീവിതം നിങ്ങൾക്കുള്ള പ്രധാനപാഠപുസ്തകമാണ്."

ആ മറുപടി സുനിതയ്ക്ക് തെല്ലും തൃപ്തിയായില്ല. അക്ഷമയോടെ അവൾ വിളിച്ചു: "വാ അമ്മച്ചീ!"

"വാ, അമ്മച്ചീ" എന്ന വിളി ഒരു മുഴക്കംപോലെ കേട്ടതോടെ അടുക്കളയിലെ പണി നിർത്തിവച്ച് ഷേളി ഓടിയെത്തി. "വാ, അമ്മച്ചി!" എന്ന ശക്തമായ വിളിയാണ് അതിനു പ്രചോദനം. മൂന്നുപേരും തിരുഹൃദയചിത്രത്തിൽ നോക്കി കൈകൾകൂപ്പി. പിന്നെ പ്രാർഥന നയിച്ചത് ഷേളിയാണ്.

"യേശുവേ! ഞങ്ങളുടെ മോള് എസ്.എസ്.എൽ.സി. പരീക്ഷയെഴുതാൻ പോകുന്നു. അനുഗ്രഹിക്കണേ! ഇന്നേദിവസം അഞ്ചുലക്ഷത്തോളം കുട്ടികൾ പരീക്ഷയെഴുന്നുണ്ട്. അവരെയും അനുഗ്രഹിക്കണേ!(സ്വരമിടറി ഹൃദയസ്പർശിയായി) യേശുവേ! ഈ മോള് അവളുടെ അമ്മയായ എന്നെ വിളിച്ച് അരികെ നിർത്തി പ്രാർഥിക്കുന്നു. ഇന്നേദിവസം പരീക്ഷയെഴുതുന്ന കുട്ടികളിൽ ഇതുപോലെ സ്വന്തം അമ്മയെ വിളിച്ച് അരികെ നിർത്തി പ്രാർഥിക്കാൻ ഭാഗ്യമില്ലാത്ത, അമ്മമാരില്ലാത്ത ഒരുപാടു കുട്ടികൾ ഉണ്ടാവും. യേശുവേ! അവരെക്കൂടി അനുഗ്രഹിക്കണമേ!"

ഉള്ളിൽ തട്ടിയുള്ള ഈ പ്രാർഥന കഴിഞ്ഞതോടെ ഷേളി കരയുന്നു. ജോസിയുടെയും കൊച്ചുമോളുടെയും കണ്ണുകൾ നിറയുന്നു. നിറമിഴികൾ തുടച്ചിട്ടാണ് സുനിതമോൾ അന്നു പരീക്ഷയ്ക്കു പോയത്. അങ്ങനെ പരീക്ഷകൾ എല്ലാം കഴിഞ്ഞു. മേയ് മാസത്തിൽ റിസൾട്ടു വന്നു. 360 പ്രതീക്ഷിച്ച സുനിതമോൾക്ക് ലഭിച്ച മാർക്ക് 517.

തിരതല്ലുന്ന ആഹ്ലാദത്തോടെ സുനിതമോൾ കോഴിക്കോട്ടു നിന്ന് എന്നെ ഫോണിൽ വിളിച്ചു.

"അപ്പാപ്പാ, എന്റെ റിസൾട്ടു വന്നു. എനിക്ക് 517 മാർക്ക്.

"വെരിഗുഡ്. മൈ ഹാർട്ടി കൺഗ്രാചുലേഷൻസ്!"

തുടർന്നു ഞാൻ പറഞ്ഞു: "360 മാർക്ക് മോളു പഠിച്ചതിനുള്ളത്. ബാക്കിയുള്ള മാർക്ക് മുഴുവൻ മോളുടെ അമ്മ മറ്റുള്ള കുട്ടികൾക്കുവേണ്ടി പങ്കുവച്ച് പ്രാർഥിച്ചില്ലേ, അതിനു ദൈവം തന്ന സമ്മാനമാണ്."

പിന്നീട് അവർ കുടുംബസമേതം തൃശൂർക്കു വന്നപ്പോൾ ഷേളിയോടു ചോദിച്ചു: "മോളേ, നിനക്ക് എങ്ങനെയാണ് ആ സമയത്ത് അങ്ങനെ പ്രാർഥിക്കാൻ തോന്നിയത്?"

"എനിക്കറിയില്ല അപ്പച്ചാ. 'വാ, അമ്മച്ചീ' എന്ന സുനിതയുടെ ഉറച്ചസ്വരത്തിലുള്ള വിളി കേട്ടപ്പോൾ, പെട്ടെന്ന് മിന്നലുപോലെ എന്റെ മനസ്സിൽ തോന്നിച്ചു. സുനിതയ്ക്കു അമ്മയുള്ളതുകൊണ്ടല്ലേ അങ്ങനെ വിളിക്കാൻ പറ്റിയത്."

മനസ്സിൽ കുളിരുപാകിയ വിശദീകരണം കേട്ടു വിസ്മയഭാവത്തോടെ ഞാൻ ഷേളിയെ അകമഴിഞ്ഞ് അഭിനന്ദിച്ചു. ■




11-ാം പേജ് തുടർച്ച

"ഫുഡ് ഇനി നന്നായിട്ടു കഴിക്കണംട്ടോ. അതും സമയത്ത് കഴിക്കണം. ധാരാളം ഫ്രൂട്ട്സും നട്സുമൊക്കെ വാങ്ങിക്കഴിക്കണം. ഡോക്ടർ പറഞ്ഞതൊക്കെ ഓർമയുണ്ടല്ലോ."

ജയേഷ് കസേരയിലേക്കു ചാരിയിരുന്നിട്ട് ഓർമിപ്പിച്ചു.

വർഷ കട്ടിലിൽ വന്നിരുന്ന് ഇടതുകൈ ബെഡിൽ ഊന്നിയിട്ട് പറഞ്ഞു:

"സത്യം പറയട്ടെ; റിസൾട്ട് നെഗറ്റീവ് ആയിരിക്കണേന്നാ ഞാൻ പ്രാർഥിച്ചത്. ഇപ്പം ഒരു കുഞ്ഞു വേണ്ടായിരുന്നു."

"കുഞ്ഞു വേണ്ടേ? അതെന്താ?"

"കല്യാണം കഴിഞ്ഞിട്ട് ആറു മാസമല്ലേ ആയുള്ളൂ. ഒരു വർഷമെങ്കിലും ഒന്ന് അടിച്ചുപൊളിച്ചു നടന്നിട്ടു മതിയായിരുന്നു കുഞ്ഞ്. എന്റെ കണക്കുകൂട്ടലെല്ലാം തെറ്റി. തീർന്നില്ലേ എന്റെ സ്വാതന്ത്ര്യം? ഇപ്പ നടക്കുന്ന പോലെ എനിക്ക് ഇനി നടക്കാൻ പറ്റ്വോ? വയറും വീർപ്പിച്ചു നടക്കുന്ന കാര്യം ഓർക്കാനേ വയ്യ. പ്രസവിച്ചു കഴിയുമ്പം വയറും ചാടി തടീം കൂടി ആകെ ബോറാകും. പിന്നാരും തിരിഞ്ഞു നോക്കില്ല."

"എല്ലാ പെണ്ണുങ്ങളും അങ്ങനല്ലേ? ഒരു കുഞ്ഞിനെ കിട്ടുമ്പഴല്ലേ അവരുടെ സന്തോഷം കൂടുന്നത്. ദൈവം തന്ന ആ സമ്മാനത്തിനു നന്ദി പറയുവല്ലേ വേണ്ടത്?"

"നന്ദി, കുന്തം. ആണുങ്ങൾക്കു നഷ്ടപ്പെടാനൊന്നുമില്ലല്ലോ. ദുരിതം മുഴുവൻ പെണ്ണുങ്ങൾക്കല്ലേ. അടുത്തവർഷം എനിക്കു പ്രമോഷൻ കിട്ടാനുള്ളതാ. ലീവെടുത്താൽ അതു നഷ്ടമാകും."

"പ്രമോഷൻ പോയാ പോട്ടെ. കുഞ്ഞല്ലേ വലുത്. നമുക്കു ജീവിക്കാനുള്ള ശമ്പളമുണ്ടല്ലോ. ഒരു കുഞ്ഞില്ലാത്തതിന്റെ ദുഃഖം അനുഭവിക്കുന്ന എന്തുമാത്രം ദമ്പതികളുണ്ടെന്ന് നീയൊന്ന് ആലോചിച്ചു നോക്കിക്കേ. ദൈവം തന്ന ഈ സമ്മാനം നമ്മൾ സന്തോഷത്തോടെ സ്വീകരിക്കണം. വേണ്ടെന്നു വച്ചാൽ പിന്നീടു നമുക്ക് ഒന്നും കിട്ടിയെന്നു വരില്ല."

"ഓ... പിന്നെ... അബോർഷൻ നടത്തുന്നവർക്കൊന്നും പിന്നെ കുഞ്ഞുങ്ങളുണ്ടാവില്ലപോലും. ജയേഷ് ഒരമ്പതുവർഷം മുമ്പു ജീവിക്കേണ്ട ആളായിരുന്നു. ഇപ്പഴത്തെ പെണ്ണുങ്ങളെക്കുറിച്ചൊന്നും വല്യ വിവരമില്ല അല്ലേ."

"അബോർഷൻ നടത്താനാണോ നിന്റെ ഉദ്ദേശം?"

"എന്നു ഞാൻ പറഞ്ഞില്ലല്ലോ."

"അങ്ങനെയൊരു ചിന്ത ഉണ്ടെങ്കിൽ അതിപ്പഴേ മനസ്സീന്നു കളഞ്ഞേക്ക്. എന്റെ കുഞ്ഞിനെ കൊല്ലാൻ ഞാൻ സമ്മതിക്കില്ല." ഉറച്ചതായിരുന്നു ജയേഷിന്റെ വാക്കുകൾ.

വർഷ പിന്നൊന്നും മിണ്ടിയില്ല. അവൾ കട്ടിലിൽ കയറി കമിഴ്ന്നു കിടന്നു. ജയേഷ് നോക്കിയപ്പോൾ മിഴികളടച്ചു കിടക്കുകയായിരുന്നു.

പിറ്റേന്ന് അവൾ സ്വന്തം വീട്ടിലേക്കു പോയി. ജയേഷിനെ കൂടാതെ തനിയെയാണു പോയത്.

ചെന്നു കയറിയതേ കരഞ്ഞു പിഴിഞ്ഞ് അമ്മയോട് കാര്യങ്ങളെല്ലാം പറഞ്ഞു.

"ഇങ്ങനെ കരയാൻമാത്രം ഇപ്പം എന്താ ഉണ്ടായേ? ഉടനെ ഒരു കുഞ്ഞു വേണ്ടെങ്കിൽ അബോർഷൻ നടത്താലോ. അതൊന്നും ഒരു പാപമല്ലല്ലോ ഇക്കാലത്ത്. നിന്റെ ശ്രദ്ധക്കുറവു കൊണ്ട് പറ്റിയതല്ലേ. നീ ശ്രദ്ധിക്കണമായിരുന്നു."

"പ്രിക്കോഷൻ എടുത്തതാ. പക്ഷേ, എങ്ങനെയോ സംഭവിച്ചു പോയി." വർഷ കണ്ണു തുടച്ചു.

"ആഗ്രഹിക്കാത്ത നേരത്ത് ഒരു കുഞ്ഞുണ്ടായാലും ശരിയാവില്ല. നമുക്കിതു വേണ്ടെന്നു വയ്ക്കാം."

"അതിന് ജയേഷ് സമ്മതിക്കണ്ടേ? ആ മനുഷ്യൻ ഒരു പഴഞ്ചനാ. എല്ലാം പാപമാന്നു വിചാരിക്കുന്ന ഒരു കോന്തൻ. എനിക്കു ചേരുന്ന ഒരു ഹസ്ബന്റേയല്ല."

"അതു ഞങ്ങളിവിടെ പറയാറുണ്ട്. എന്തു ചെയ്യാം. കല്യാണം കഴിഞ്ഞുപോയില്ലേ. പൊരുത്തപ്പെട്ടു പോകാൻ നോക്ക് മോളേ. അല്ലാതിപ്പം ന്താ ചെയ്വാ." ഷൈനി സമാധാനിപ്പിച്ചു.

"അമ്മ ജയേഷിനെ പറഞ്ഞൊന്നു സമ്മതിപ്പിക്ക്വോ?"

"ഒരമ്മ എന്ന നിലയിൽ എനിക്കെങ്ങനെയാ മോളേ അതു പറയാൻ പറ്റ്വാ? ജയേഷ് അറിയാതെ നമുക്കു കാര്യം നടത്താന്നേ."

"അതെങ്ങനെ?" വർഷയുടെ കണ്ണുകൾ വിടർന്നു.

"ഡോക്ടർ എലിസബത്ത് ചെറിയാൻ നമ്മുടെ ഫാലിമി സുഹൃത്തല്ലേ. ഇരുചെവിയറിയാതെ അവരുടെ ഹോസ്പിറ്റലിൽ നമുക്കിതു ചെയ്യാം. നീ സമാധാനായിട്ടിരിക്ക്."

"ജയേഷിനോട് എന്തു പറയും?"

"ഒരു ദിവസം നീ ഇവിടെ വരുമ്പം ബാത്ത്റൂമിൽ വീണ് ബ്ലീഡിങ് ഉണ്ടായീന്നു പറയണം. ബാക്കിയൊക്കെ അവൻ ആശുപത്രീൽ വരുമ്പം എലിസബത്തു ഡോക്ടർ പറഞ്ഞോളും."

"അമ്മേടെ ബുദ്ധി സമ്മതിച്ചിരിക്കുന്നു."

വർഷയുടെ മുഖത്ത് ചിരി തെളിഞ്ഞു.

"അതാവുമ്പം ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നം പരിഹരിക്കാം. പക്ഷേ, ഒരു കാര്യം; നീ ഇനി അവന്റെ മുമ്പിൽ സങ്കടം കാണിച്ചോണ്ടിരിക്കരുത്. കുഞ്ഞുണ്ടാകുന്നതിൽ അവനേക്കാൾ കൂടുതൽ സന്തോഷം നിനക്കാണെന്നു കാണിച്ചോണം. ഒരു സംശയവും തോന്നരുത് അവനും സൂസമ്മയ്ക്കും."

"അതു ഞാനേറ്റു."

വർഷ അമ്മയെ കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുത്തു.

(തുടരും)

# ഞങ്ങൾ കർഷകരാണ്




കൃഷിയിൽ പൂർവികരുടെ പാത പിന്തുടരുകയാണ് മാതാപിതാക്കളും മക്കളും. ഭരണങ്ങാനം പഞ്ചായത്തിലെ ഇളംതോട്ടം ചന്ദ്രൻകുന്നേൽ ഡേവിസ് സി. ജേക്കബും ഭാര്യ സൗമ്യയും അധ്യാപകരാണ്. ഇവർ സ്കൂളിൽനിന്നു തിരിച്ചെത്തിയാൽ കൃഷിയിടത്തിലേക്ക് ഇറങ്ങുകയായി. ഫിലോസാൻ, റമ്പൂട്ടാൻ, പ്ലാവ്, മാവ്, തെങ്ങ്, വാഴ, റബർ, നാരകം, ഓറഞ്ച്, ആര്യവേപ്പ്, കറിവേപ്പ്, മരച്ചീനി, ചേന, ചേമ്പ്, വഴുതന, വെണ്ട, ചീര, കോവൽ, പയർ, മുരിങ്ങ, മൾബറി തുടങ്ങിയവ കൃഷി ചെയ്തുവരുന്നു. ഇവയ്ക്കെല്ലാം ജൈവവളങ്ങളാണ് ഉപയോഗിക്കുന്നത്. അതായത്, കാലിവളവും വേപ്പിൻപിണ്ണാക്കും. കീടനാശിനി അടിക്കാറില്ല.

ഈ വർഷം ചിങ്ങം ഒന്നിന് കുട്ടിക്കർഷകയായി ഭരണങ്ങാനം കൃഷിഭവൻ തിരഞ്ഞെടുത്തത് ഇവരുടെ മകളായ എയ്ഞ്ചൽ മരിയ ഡേവിസിനെയാണ്. പ്രവിത്താനം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. എട്ടാംക്ലാസിലാണ് എയ്ഞ്ചൽ പഠിക്കുന്നത്. സ്കൂൾ വിട്ടുവന്നാൽ മാതാപിതാക്കളോടൊപ്പം സന്ധ്യവരെ കൃഷിയിൽ വ്യാപൃതയാണ്.

നല്ല സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലമല്ലേ ഈ കിടക്കുന്നത്. നമുക്ക് ഇവിടെ കൃഷി ചെയ്താലോ എന്നുള്ള വല്യപ്പച്ചന്റെ ചോദ്യത്തിനു മുമ്പിൽ എയ്ഞ്ചലിനു പിടിച്ചുനിൽക്കാൻ സാധിച്ചില്ല. വല്യപ്പച്ചൻ മുന്നിലിറങ്ങും. ഞങ്ങളും കൂട്ടത്തിലിറങ്ങും. അതാണ് മോൾക്ക് കുട്ടിക്കർഷകയുടെ ആദരവു ലഭിക്കാൻ കാരണമായതെന്ന് എയ്ഞ്ചലിന്റെ മാതാവും അധ്യാപികയുമായ സൗമ്യ പറയുന്നു.

നമ്മുടെ കുട്ടികൾക്ക് കൃഷിയിൽ താത്പര്യം ഉണ്ടാകണമെങ്കിൽ മുതിർന്നവർ കൃഷിയിടത്തിലേക്കിറങ്ങി മാതൃക കാണിക്കണമെന്നാണ് സൗമ്യയുടെ അഭിപ്രായം.

ഇളംതോട്ടം ഇടവകാംഗങ്ങളാണ് ഈ കുടുംബം. ഡേവിസ് 25 വർഷമായി സൺഡേ സ്കൂൾ അധ്യാപകനാണ്. അതിൽ 11 വർഷം ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സൗമ്യ 13 വർഷമായി സൺഡേ സ്കൂൾ ഓഫീസ് സ്റ്റാഫായിരുന്നു.

എയ്ഞ്ചലിനെക്കൂടാതെ അന്ന എലിസബത്ത് ഡേവിസ്, ജേക്ക് ജേക്കബ് ഡേവിസ്, ഹെയ്സൽ ട്രീസാ ഡേവിസ് എന്നിവരും ഡേവിസ് – സൗമ്യ ദമ്പതികളുടെ മക്കളാണ്.

– ജോസഫ് കുമ്പുക്കൻ

# ശാസ്ത്രരംഗത്ത് ദൈവാഭിമുഖ്യം കൂടിവരുന്നത് അഭിലഷണീയം

## മാർ ജോസഫ് പെരുന്തോട്ടം




*ശാസ്ത്രപഥം സയൻസ് മാസികയുടെയും സയൻസ് എജ്യുക്കേഷൻ ട്രസ്റ്റിന്റെയും നേതൃത്വത്തിൽ നടക്കുന്ന ശാസ്ത്രപഠനക്യാമ്പ് – ടെക്നോവ 2024 ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു. ഫാ. മനോജ് കറുകയിൽ, ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞൻ ഡോ. ബിജു സി തോമസ്, മോൺ. ജോസഫ് വാണിയപുരയ്ക്കൽ, ഫാ. ജോർജ് പുല്ലുകാലായിൽ, ഫാ. ജോസഫ് ആലഞ്ചേരിൽ, ഫാ. ക്രിസ്റ്റോ നേരിയംപറമ്പിൽ, ഫാ. ജോഫി പുതുപ്പറമ്പിൽ എന്നിവർ സമീപം.*

ചങ്ങനാശ്ശേരി: പ്രപഞ്ചത്തെ കൂടുതൽ അറിയുന്തോറും ദൈവത്തെക്കുറിച്ച് വിസ്മയഭരിതരായി സംസാരിക്കുന്ന ശാസ്ത്രജ്ഞമാർ ഉണ്ടാകുന്നത് മനുഷ്യരാശിക്ക് അനുഗ്രഹമാണെന്ന് ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം. ഇന്ത്യയുടെ ശാസ്ത്രവിജ്ഞാനീയം ലോകത്തിനു നല്കുന്ന അതുല്യസംഭാവന ഭൗതികശാസ്ത്രവും ആത്മീയതയും തമ്മിലുള്ള ദൃഢബന്ധത്തിന്റെ അറിവാണെന്നും ശാസ്ത്രവും ദൈവബോധവും തമ്മിലുള്ള ബന്ധം തകരുന്നത് അപകടമാണെന്നും അതു മനുഷ്യനെ യന്ത്രത്തെപ്പോലെ ചിന്തിക്കാൻ പ്രേരിപ്പിക്കുമെന്നും അങ്ങനെ വന്നാൽ അതു മനുഷ്യത്വം നഷ്ടപ്പെട്ട സമൂഹത്തെ സൃഷ്ടിക്കാൻ ഇടയാക്കുമെന്നും ആർച്ചുബിഷപ് പറഞ്ഞു.

ശാസ്ത്രപഥം സയൻസ് മാസികയുടെയും സയൻസ് എജ്യുക്കേഷൻ ട്രസ്റ്റിന്റെയും നേതൃത്വത്തിൽ ചങ്ങനാശ്ശേരിമീഡിയ വില്ലേജിൽ നടക്കുന്ന ശാസ്ത്രപഠനക്യാമ്പ് – ടെക്നോവ 2024 ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് വാണിയപുരയ്ക്കൽ അധ്യക്ഷത വഹിച്ചു. ചന്ദ്രയാൻ 3 ന്റെ മുഖ്യ നേതൃനിരയിലെ അംഗവും ജി.എസ്.എൽ.വി.എംകെ 3 യുടെ ഡെപ്യൂട്ടി പ്രൊജക്ട് ഡയറക്ടറുമായ ഡോ. ബിജു സി. തോമസ് മുഖ്യപ്രഭാഷണം നടത്തി. ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവാണ് ഒരു വിദ്യാർഥിയുടെ ശാസ്ത്രാഭിരുചിയുടെ അടിസ്ഥാനമെന്നും നിരീക്ഷണപാടവമാണ് ശാസ്ത്രജ്ഞനിലേക്കുള്ള വളർച്ചയിലെ ആദ്യപടിയെന്നും അദ്ദേഹം പറഞ്ഞു.

ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി കോർപ്പറേറ്റുകളിലെ ഹൈസ്കൂൾ, ഹയർസെക്കഡറി വിദ്യാർഥികൾക്കായാണ് ടെക്നോവ സംഘടിക്കപ്പെടുന്നത്. 70ൽപ്പരം സ്കൂളുകളിൽനിന്നുള്ള വിദ്യാർഥികൾ ഈ ത്രിദിന ക്യാമ്പിൽ പങ്കെടുക്കുന്നു. ശാസ്ത്രസാങ്കേതികമേഖലയിലെ പ്രമുഖർ ക്ലാസുകൾ നയിക്കുന്നു. ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി കോർപ്പറേറ്റുകളുടെ മാനേജർമാരായ ഫാ. മനോജ് കറുകയിൽ, ഫാ. ജോർജ് പുല്ലുകാലായിൽ, ഫാ. ഡൊമിനിക്ക് അയലുപറമ്പിൽ, ശാസ്ത്രപഥം മാസിക എക്സിക്യൂട്ടിവ് എഡിറ്റർ ഫാ. ജോസഫ് ആലഞ്ചേരിൽ, മീഡിയ വില്ലേജ് ഡയറക്ടർ ഫാ. ജോഫി പുതുപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

# ദൈവാലയശുശ്രൂഷികൾക്കും ജീവനക്കാർക്കും ആദരം

പാലാ: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ ഭാഗമായി രൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്യുന്ന ദൈവാലയശുശ്രൂഷികളുടെയും ജീവനക്കാരുടെയും സംഗമം നടത്തി. ളാലം പഴയപള്ളി ഹാളിലാണ് രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ സാന്നിധ്യത്തിൽ പ്രത്യേകസംഗമം വിളിച്ചുചേർത്തത്.

രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ഡോ. ജോസഫ് തടത്തിൽ, ളാലം പഴയപള്ളി വികാരി ഫാ. ജോസഫ് തടത്തിൽ, രൂപത ചാൻസലർ ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, രൂപത പ്രൊക്കുറേറ്റർ ഫാ. ഡോ. ജോസഫ് മുത്തനാട്ട്, വൈസ് ചാൻസലർ ഫാ. ജോസഫ് മണർകാട്ട് എന്നിവർ നേതൃത്വം നൽകി. മാർ ജോസഫ് കല്ലറങ്ങാട്ട് സംഗമത്തിനെത്തിയ മുഴുവൻ പേരെയും ആദരിച്ചു.



*എ.കെ.സി.സി. അവാർഡു നേടിയ സാഹിത്യകാരൻ അന്തീനാട് ജോസിനെ ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റ്യൻ പൊന്നാട അണിയിച്ച് ആദരിക്കുന്നു. പാലാ സന്മനസ്സ്കൂട്ടായ്മ സംഘടിപ്പിച്ച സമ്മേളനത്തിൽ മുൻസിപ്പൽ ചെയർമാൻ ഷാജു പി. തുരുത്തൻ, സന്മനസ്സ് ജോർജ്, സി. വനജ എസ്.എം.എസ്. എന്നിവർ സമീപം.*

**ശ്രേഷ്ഠമലയാളം**

# അനുരൂപനും അനുരൂപയും



**ഡോ. ഡേവിസ് സേവ്യർ**

രൂപശബ്ദത്തോട് അനു എന്ന ഉപസർഗം ചേർക്കുമ്പോൾ രൂപത്തെ അനുസരിക്കുന്ന എന്നർഥമുള്ള അനുരൂപ എന്ന വിശേഷണം ലഭിക്കും. പുരുഷനെ അനുരൂപൻ എന്നും സ്ത്രീയെ അനുരൂപ എന്നും വിശേഷിപ്പിക്കാം. രണ്ടിലും പെടാത്തത് അനുരൂപം. (അനുരൂപൻ, അനുരൂപ, അനുരൂപം) സംസ്കൃതപദങ്ങളിൽ സ്ത്രീലിംഗരൂപം പലവിധമാണ്. സമർഥൻ – സമർഥ; ധന്യൻ – ധന്യ; സ്നേഹിതൻ – സ്നേഹിത; നാഥൻ – നാഥ; ദുഷ്ടൻ – ദുഷ്ട. അപ്പോൾ അനുരൂപൻ, അനുരൂപ എന്നാകുന്നു. 'അനുരൂപി' തെറ്റായ പ്രയോഗമാണ്. അനുരൂപശബ്ദത്തോട് 'ഇ' എന്ന സ്ത്രീലിംഗപ്രത്യയം ചേരില്ല. "വാചാകിം ബഹുനാ തവവേളിയും കഴിഞ്ഞുവല്ലോ?/ വാരിജാക്ഷി ഭവാനനുരൂപയല്ലയോ?* (ആകൃതിയിൽപ്പോലെ പ്രകൃതിയിലും എന്നു ഭാവം) എന്നു കുചേലവൃത്തകാരൻ പ്രയോഗിച്ചിട്ടുള്ളതു നോക്കുക. അനുകൂലയായ പത്നിയോടു യാത്രയും ചൊല്ലി' എന്ന മുൻ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വേണം ഈ സംഭാഷണശകലത്തിന് അർഥം പറയാൻ.

അനുരൂപൻ/ അനുരൂപ എന്നിവയ്ക്കുപകരം വിവാഹപ്പരസ്യങ്ങളിൽ അനുയോജ്യശബ്ദം പ്രയോഗിച്ചു കാണുന്നു. അനുയോജ്യശബ്ദത്തിനു സംസ്കൃതത്തിൽ യോജിച്ച, ഇണങ്ങുന്ന എന്നീ അർഥങ്ങൾ ഇല്ല. പ്രശ്നോƒനുയോഗഃപൃച്ഛാച** എന്നാണ് അമരകോശത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അനുയോഗത്തിനു ചോദ്യം എന്നാണർഥം. അപ്പോൾ അനുയോജ്യത്തിന് ചോദിക്കത്തക്കത് എന്നേ വിവക്ഷിതം വരൂ. അതല്ലല്ലോ ഉദ്ദിഷ്ടം. അനുയോജ്യത്തിന് മലയാളത്തിൽമാത്രം 'യോജിച്ച' എന്നൊരർഥം വന്നുപോയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിലാകണം ഇണങ്ങുന്ന എന്നർഥത്തിൽ ആ പദം പ്രചരിച്ചത്. പെൺകുട്ടിക്ക് അനുരൂപനായ വരൻ, ആൺകുട്ടിക്ക് അനുരൂപയായ വധു എന്നൊക്കെയാകുന്നതാണു നല്ല മലയാളം.

* വാര്യർ, രാമപുരത്ത്, കുചേലവൃത്തം വഞ്ചിപ്പാട്ട് (വ്യാഖ്യാനം) എം.ആർ. രാഘവവാര്യർ, എൻ.ബി.എസ്. കോട്ടയം, 1990, പുറം – 60

** പരമേശ്വരൻ, മൂസ്സത്, ടി.സി. അമരകോശം (പാരമേശ്വരി, എൻ.ബി.എസ്. കോട്ടയം, 2013, പുറം – 158.

Deepanalam Weekly

RNI No : 16998/68
Vol. 57 No. 29 Date of Publication 19 September 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment












Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org